വൃന്ദാവനം പ്രസ്.

ലക്കം 12.

കർമ്മലമുനമ്പ്

The Flower of Carmel



പ്രതിമാസ പത്രിക.

March, 1913.

സംഗതി വിവരം.

മംഗളം.

I. നമ്മുടെ കർത്താവീശോ മ്ശിഹായുടെ കഷ്ടാനുഭവം.

II. വിശുദ്ധ യെഹസ്കീലിന്റെ വലക്കമാസം.

III. പെസഹാശാലം.

IV. മരിച്ച വിശ്വാസികളുടെ കബറിടത്തിൽ വിളക്കു, മെഴുകുതിരി മുതലായവ കത്തിച്ചുവയ്ക്കുന്നതിനെക്കുറിച്ച്.

V. പുണ്യപരീക്ഷ.

VI. മത്ത അസാമാന്യ സ്ത്രീരത്നം.

VII. ശുദ്ധ കുബ്ബാന.

VIII. ശുദ്ധീകരണാലയത്തിലെ വേദന.

IX. തിരുസ്സഭയെ ഭക്തന്മാർ ഫെബ്രുവരി മാർച്ച് മാസത്തിൽ വെക്കേണ്ട പൊരുൾകൂത്തുകൾ.

X. ലോകവർത്തമാനച്ചുരുക്കം.

നോട്ടീസ്.

ആണ്ടൊന്നുക്ക രൂപാൽകൂലി ഉൾപ്പടെ "ബ്രിട്ടിഷ്" രൂപ ക്ക യാതൊരുത്തൻ ഈ പേരെ പത്രവരിക്കാരായി ചേർത്തു പേരയക്കയും സ്വന്തമേൽ വിലാസത്തിൽ പത്രങ്ങളെയും ഏറ്റവാങ്ങിച്ചുകൊടുക്കയും പത്രവരിപിലിച്ച നേരുകെ ണ്ടാക്കുകയും ചെയ്യുന്നതായാൽ ആയാൾക്ക് നാമതന്ത മത പത്രം സൌജന്യമായി കൊടുക്കുന്നതുമാകുന്നു.

"കൈരളീസുമം" മാനേജർ,
Mannanam. മാന്നാനം.

Intending subscribers should send the amount of subscription in advance or else should specially ask the Magazine being sent as per V. P. Post. as a rule it is resolved that the Magazine will be sent per V. P. ost to the intending subscribers and to our permanent subscribers whose term of subscription expired in case if they have not remitted the amount of subscription in advance. Those who have any objection to this, should let us know of it beforehand. MANAGER

മാസികവരിക്കാരായി ചേരുവാൻ ആഗ്രഹിക്കുന്നവർ മുൻകൂർ പണമയച്ചു് അപേക്ഷിക്കുകയോ അല്ലെങ്കിൽ മാസിക വി. പി. ആയി അയക്കുവാൻ പ്രത്യേകം ആവശ്യപ്പെടുകയോ ചെയ്യണം. പണമടയ്ക്കാതെ മാസികയ്ക്കു് ആവശ്യപ്പെടുന്നവർക്കും സാധാരണ വി. പി. ആയി മാത്രമെ അയക്കയുള്ളു. മാസിക വരി അടച്ചിട്ടുള്ളതിന്റെ കൂടാവധി കഴിഞ്ഞാൽ പിന്നെയുള്ള മാസികയും മുറയ്ക്കു് ഇവിടെനിന്നും വി. പി. ആയി അയക്കപ്പെടും. മുൻപറഞ്ഞ രണ്ടു സംഗതികളിലും വി. പി. അയക്കുന്നതിൽ വിരോധമുള്ളവർ വിവരം മുൻകൂട്ടി അറിയിച്ചിരിക്കേണ്ടതാകുന്നു.

മാനേജർ.

കർമ്മേല കുസുമം.

പുസ്തകം ൮൯) ഫെൻഫ മാർച്ച്; (ലക്കം ൩.

ക്രൂരിരുട്ടിലലഞ്ഞുലഞ്ഞുകിടന്ന വിസ്തൃകപ്പലാം
പാരിടത്തെ നടത്തിനിത്യഗതിക്കു കേറിയ നാഥനെ
ഭ്രൂരികീർത്തിയൊടൊത്തുപാർത്തല യാത്തയിങ്കൽ നയിച്ചോരാ
സൂരിവയ്നതായ മാർയവൂസേപ്പിലെപ്പൊഴുമാശ്രയം!

[illegible] .൨

നമ്മുടെ കർത്താവീശോമിശിഹായുടെ കഷ്ടാനുഭവം.

ഇതിനേക്കുറിച്ചു ധ്യാനിക്കേണ്ട ആവശ്യകത.

[illegible]

"ഭൂമിയിൽ (ദൈവസ്നേഹത്തിന്റെ) അഗ്നിയിടുവാൻ ഞാൻ വന്നു. അതു പററി എരിവാൻ അല്ലാതെ ഞാൻ ഇശ്ശിക്കുന്നതു എന്തു?"

(ലൂക്കാ ൧൨. ൪൯.)

തന്റെ വരപ്രസാദങ്ങളാൽ നമ്മുടെ ഹൃദയങ്ങളെ എരിയിക്കേണമെന്നല്ലാതെ മറെറാരുദ്ദേശവും മനുഷ്യാവതാരത്തിൽ തനിക്കില്ലായിരുന്നുവെന്നു നമ്മുടെ സ്നേഹഭാജനമായ ദിവ്യരക്ഷകൻ അരുളിച്ചെയ്യുന്നു. എത്രയോ ആത്മാവുകളിൽ ഈ സ്നേഹജ്വാലകളെ താൻ പ്രകാശിപ്പിച്ചിരിക്കുന്നു? പ്രത്യേകമായി നമ്മുടെ നേക്കുള്ള ആ സ്നേഹാതിരേകത്തെ പ്രദർശിപ്പിക്കുവാൻ മരണംവരെയും സഹിക്കുന്നതിനു താൻ തിരുമനസ്സായ ആ അചിന്ത്യകഷ്ടതകൾമൂലം എത്രമാത്രം ജനങ്ങൾ നിത്യാനന്ദമനുഭവിക്കുന്നു. തീച്ചൂളകൾ പോലെ തന്റെ സ്നേഹതീഷ്ണത പ്രോജ്വലിച്ചുകൊണ്ടിരിക്കുന്ന ആ സംഖ്യയില്ലാത്ത തിരുമുറിവുകൾ വഴിയായി എത്രയോ പേരെ താൻ പരിശുദ്ധീകരിച്ചിരിക്കുന്നു. തങ്ങളുടെ വസ്തുവകകളെ എന്നല്ല തങ്ങളുടെ ജീവനെത്തന്നെയും മ്ശിഹായുടെ സ്നേഹത്തെ പ്രതി തൃണവൽ ഗണിക്കുന്നതിനും ദൈവപ്രമാണങ്ങളുടെ അനുവർത്തനത്തിൽ നേരിട്ടുന്ന സകല തടസ്സങ്ങളേയും സധൈര്യം എതിർക്കുന്നതിനും ആ മഹാത്മാക്കൾക്കു ശക്തി കൊടുത്തതും ഈ സ്നേഹമത്രേ ആകുന്നു. സാക്ഷാൽ ദൈവമായിരിക്കുന്ന തങ്ങളുടെ യജമാനൻ അവരെ ഇ

ത്രമാത്രം ഇഷ്ടപ്പെട്ടതിന്റെ കൃതജ്ഞത അവരിൽ യഥാർത്ഥമായി വിളയിരിക്കുന്നു. ഇതുതന്നെയാകുന്നു നമ്മുടേയും അനുകരണീയമാർഗ്ഗം. സ്വർഗ്ഗീയ രാജ്യം പ്രാപിക്കാനുള്ള മാർഗ്ഗത്തിൽ നാം മന്ദന്മാരാകരുതെന്നു മാത്രമല്ല തച്ചരിതഗതിയേ അവലംബിക്കേണമെന്നും ക്രൂടെയത്രേ വിശുദ്ധ പൌലോസ് ശ്ലീഹാ നമ്മോടുപദേശിക്കുന്നത്. "നിങ്ങളുടെ മനസ്സു ക്ഷയിച്ചു നിങ്ങൾക്കു ക്ഷീണത വരാതിരിപ്പാൻ വേണ്ടി, തനിക്കു എതിരായുണ്ടായിരുന്ന ദുഷ്ടന്മാരുടെ പ്രതിരോധനങ്ങളെ സഹിച്ചയാളിനെ (മ്ശിഹായേ) പ്പറ്റി ശ്രദ്ധാപൂർവ്വം ചിന്തിക്ക" എന്നാകുന്നു ആ പരിശുദ്ധൻ എബ്രായക്കാർക്കെഴുതിയ കുറിയിൽ ൧൨–ാം അദ്ധ്യായം മൂന്നാം വാക്യത്തിൽ പറയുന്നത്. ഇക്കാരണംകൊണ്ടുതന്നെയാണ്, വിചാരിന്നമായതന്റെ ശരീരത്തെ കുരിശിനോടു ചേർത്തു തറയ്ക്കപ്പെട്ടിരിക്കുന്ന ആ നമ്മുടെ ദിവ്യരക്ഷകന്റെ മുമ്പാകെ നിന്നുകൊണ്ടു വിശുദ്ധ അഗുസ്തീനോസു ഇപ്രകാരം പ്രാർത്ഥിക്കുന്നത്. "Scribe Domine vulnera tua in corde meo; ut in eis legam dolorem et amorem: dolorem ad sustinendum pro te omnem dolorem: amorem ad contemnendum pro te omnem amorem" "സകല സങ്കടവും നിന്നെപ്രതി സഹിക്കുന്നതിന് (നിന്റെ) സങ്കടത്തേയും സകല സ്നേഹവും നിന്നെപ്രതി ത്യജിക്കുന്നതിനു (നിന്റെ) സ്നേഹത്തേയും നിന്റെ തിരുമുറിവുകളിൽനിന്നു ഞാൻ ഗ്രഹിപ്പാൻവേണ്ടി എന്റെ കർത്താവെ! നിന്റെ തിരുമുറിവുകളെ എന്റെ ഹൃദയത്തിൽ രേഖപ്പെടുത്തേണമെ." അതേ, ക്രൂശിക്കപ്പെട്ട മ്ശിഹായുടെ തിരുമുറിവുകളിൽ തന്നെയാണ് തങ്ങളുടെ ഉഗ്രപീഡനങ്ങളിലും മരണത്തിലും ഉറപ്പുള്ള ധൈര്യവും സ്ഥിരതയും രക്തസാക്ഷികൾ കണ്ടെത്തിയതും. കഠിനമായ ഒരു ശസ്ത്രപ്രയോഗം കഴിപ്പാനായി വിശുദ്ധ യൌസേപ്പു ലിയൊൻസിനെ കയറുകൾകൊണ്ടു ബന്ധിക്കുന്നതിനു തുടങ്ങിയപ്പോൾ ആ മഹാത്മാവു ഒരു തുണ്ടപ്പെട്ട തുപം കയ്യിൽ എടുത്തുകൊണ്ടു ഇങ്ങിനെ പറയുന്നു. "കയറുകളുടെ പ്രയോജനമെന്ത്? എന്നെ ബന്ധിക്കുന്ന കയറുകൾ ഇതാ, എന്റെനേക്കുള്ള സ്നേഹം നിമിത്തം ആണികളാൽ തറയ്ക്കപ്പെട്ട എന്റെ രക്ഷിതാവുതന്നെയാകുന്നു. തന്റെ കഷ്ടാനുഭവങ്ങളാൽ എന്നെ ബന്ധിക്കുന്നവനും തന്റെമേലുള്ള സ്നേഹത്താൽ എല്ലാ ദുരിതങ്ങളും അനുഭവിക്കുന്നതിനു എന്നെ ശക്തിപ്പെടുത്തുന്നവനും ഇതാ ഇയാൾതന്നെയാണ്." ഇപ്രകാരം പറഞ്ഞുകൊണ്ടു അല്പമെങ്കിലും വേദന സഹിക്കുന്നതായി യാതൊരു ഭാവവും കാണിക്കാതെ ആ രൂപത്തിന്മേൽ സൂക്ഷിച്ചുനോക്കിക്കൊണ്ടിരുന്നു. നമ്മുടെ ദുഷ്ടതകൾമൂലം ചിന്നിക്കപ്പെട്ട ആ ദൈവപുത്രനെ നാം സൂക്ഷിക്കുന്നുവെങ്കിൽ അല്പമായ വല്ല സങ്കടവും നാം അനുഭവിക്കുന്നപക്ഷം അതിന്മേൽ ആവലാധിപ്പെടുന്നതു അന്യായമല്ലയോ? മരണംവരെ മ്ശിഹാ അനുസരണമുള്ളവനായിരുന്നപ്പോൾ നിസ്സാരമായ എന്തെങ്കിലും അസൌകര്യങ്ങൾ കാരണത്താൽ നമ്മിൽ ആ വിശിഷ്ടഗുണം ഇല്ലാതിരിക്കുന്നതു എത്രയും പോരാത്തതല്ലയോ? ഒരു മഹാ ഉപദ്രവകാരിയായിട്ടും ഭോഷനായിട്ടും സകലർക്കും ഒരു നിന്ദാപാത്രമായി, സകലത്തിന്റേയും നാഥനായ മ്ശിഹായെ ആ നീചന്മാർ കരുതി അവരുടെ വായ്നീരാൽ തന്റെ തിരുമുഖം മലിനപ്പെടുത്തി അതിനിന്ദ്യമായി തന്നെ ക്രൂശിച്ചിരിക്കുന്നതിനെയല്ലയോ നമുക്കു വാഴ്ച അപമാനങ്ങളും സഹിക്കേണ്ടപ്പോൾ ഓർക്കുവാനുള്ളതു! നമ്മുടെ സ്നേഹാദരങ്ങൾക്കുവേണ്ടിമാത്രം ഇതെയും നിന്ദാവമാനങ്ങളേയും സങ്കടങ്ങളേയും സഹിക്കുന്നതിനു താൻ തിരുമനസ്സായി. പൂർണ്ണമായി തന്നെ സ്നേഹിപ്പാനുള്ള മാർഗ്ഗത്തെ പഠിപ്പി

ക്കേണമെന്നു ദൈവത്തോട അപേക്ഷിച്ചിരുന്ന ഒരാൾക്കു മ്ശിഹായുടെ കഷ്ടാനുഭവത്തെപ്പറ്റി ധ്യാനിക്കേണമെന്നതു ദൈവപ്രകാശനമുണ്ടായതു്. ഈ ധ്യാനം മറ്റു വിഷയങ്ങളേക്കുറിച്ചുള്ള ധ്യാനത്തിന്നു പ്രതിബന്ധകമായി വന്നേക്കുമെന്നു വി. തേരേസ്യാ ഒരു പുസ്തകത്തിൽ കണ്ടതുകൊണ്ടു ആ പുണ്യവതി ഇപ്രകാരം ചോദിക്കുന്നു. "ഈ അഭിപ്രായം ഞാൻ എങ്ങിനെ വിശ്വസിക്കുന്നു. നിന്നിൽനിന്നു സകല നന്മകളും എനിക്കു ലഭിച്ചിരിക്കെ നീ ഒരു വലിയ ദാനത്തിനു പ്രതിബന്ധമാകാൻ പാടുള്ളതോ?" മിശിഹായിൽ നമുക്കുള്ള നിക്ഷേപങ്ങളെ നാം ഗ്രഹിക്കാതിരിക്കുന്നതു വലിയ നാശകരമാണെന്നും അതിനാൽ തന്റെ കഷ്ടാനുഭവങ്ങളെപ്പറ്റി പതിവായി ധ്യാനിക്കേണ്ടതു അത്യന്താപേക്ഷിതമെന്നും നമ്മുടെ ഹൃദയത്തിൽ ക്രൂശിക്കപ്പെട്ട മ്ശിഹാ സദാ ഉണ്ടെന്നുള്ള സ്ഥിതിയിൽ വന്നല്ലാതെ ഇതിൽ നമുക്കു വല്ല അഭിവൃദ്ധിയുണ്ടെന്നു വിചാരിക്കരുതെന്നും വിശുദ്ധ ബൽത്താസർ പറയുന്നു.

(തുടരും)

.ഭ.ക.ബ.ശ

വിശുദ്ധ യൌസേപ്പിന്റെ വണക്കമാസം.

"ദാവീദിന്റെ പുത്രനായ യൌസേപ്പേ! നീ ഭയപ്പെടേണ്ട" വി. മത്തായി അ. ൧. വ. ൨൦.

നമ്മുടെ മാതാവായ തിരുസ്സഭ ഈ മാസം വി. യൌസേപ്പു പിതാവിന്റെ പ്രത്യേകവണക്കത്തിനായി നിശ്ചയിച്ചിരിക്കുന്നതിനാൽ ഈ വിശുദ്ധന്നേക്കുള്ള നമ്മുടെ കൃതജ്ഞതയേയും സ്നേഹത്തേയും പ്രദർശിപ്പിക്കേണ്ട ഒരു പ്രത്യേക അവസരവും ഇതു തന്നെയായിരിക്കുന്നു. ആകയാൽ കുസുമവായനക്കാരുടെ ശ്രദ്ധയെ ഈ വിഷയത്തിലേക്ക് ക്ഷണിക്കുമാറു ഈ വിശുദ്ധ പിതാവിന്റെ പുണ്യയോഗ്യതകളെപ്പറ്റി ഇവിടെ സംക്ഷേപമായ വിവരിക്കുന്നതു സയുക്തമായിരിക്കുമെന്നു വിചാരിക്കുന്നു.

മ്ശിഹായും വി. മറിയവും കഴിഞ്ഞാൽ നമ്മുടെ രക്ഷയുടെ കാര്യത്തിൽ അധികം ശ്രദ്ധിച്ചിട്ടുള്ള ആൾമാർ യൌസേപ്പുപിതാവു തന്നെയാണ്. പൂർവ്വയൌസേപ്പു ബാവാ ശരീരവിപത്തിൽനിന്നും, പഞ്ഞത്തിൽനിന്നും അയാളുടെ പിതാവിനേയും, സഹോദരങ്ങളേയും, മറ്റനവധി ജനങ്ങളേയും രക്ഷിച്ചതായി വേദപുസ്തകം പഴയനിയമത്തിൽ പ്രസ്താവിച്ചിട്ടുണ്ട്. എന്നാൽ മ്ശിഹാ വസിച്ചിരുന്ന തിരുഭവനത്തിന്റെ കാവൽക്കാരനും, അതിലെ നിവാസികളുടെ സംരക്ഷകനുമായി പരിശുദ്ധ ത്രിത്വത്താൽ നിയമിക്കപ്പെട്ട വി. യൌസേപ്പു ശരീരബാധകളിൽനിന്നും ആത്മനാശത്തിൽനിന്നും നമ്മെ മോചിക്കയും രക്ഷാകരമാർഗ്ഗങ്ങളിൽക്കൂടി നടക്കുന്നതിന്നു നമ്മെ സഹായിക്കയും ചെയ്യുന്നു. തിരുകുടുംബപാലകൻ എന്ന നിലയിൽ നിത്യപിതാവിൽ നിന്ന് ലഭിച്ച അധികാരം തന്നെ, നമ്മുടെ സംഗതിയിലും ഒരുവിധം പ്രയോഗിക്കുന്നുയെന്നു പറയാവുന്നതാണ്. ഒരു കുടുംബപിതാവിനു സ്വഭവനത്തിലെ അംഗങ്ങളുടെമേൽ ഉണ്ടായിരിക്കുന്നതിൽ ഒട്ടും കുറവല്ലാത്ത ഒരു അധികാരം ഈ പിതാവിന്നും, രക്ഷനാഥനായ മ്ശിഹായുടെമേലും അങ്ങേ മാതാവായ വി. മറിയത്തിന്മേലും ഉണ്ടായിരുന്നുയെന്നു പറയേണ്ടിയിരിക്കുന്നു. ദൈവപുത്രനായ മ്ശിഹാ തന്നെ അങ്ങുന്നു നസ്രസിൽ താമസിച്ചിരുന്നകാലങ്ങളിൽ ഈ വി. പിതാവിന്റെ ആജ്ഞയെ അനുസരിച്ചു ചെയ്തിട്ടുള്ള ഓരോ പ്രവൃത്തികളും ഇതിന്റെ ലക്ഷ്യങ്ങൾ ആകുന്നു. ക്രിസ്തീയകുടുംബവാസികളായ ചെറുബാലന്മാരേവരേയും ലജ്ജിപ്പിക്കുന്നതുക്കു അങ്ങേ വിവിധ സുകൃത

ങ്ങളെ എണ്ണിവണ്ണിക്കാതെ, അങ്ങുന്ന് നസ്രസിലേക്കു പിൻതിരിഞ്ഞു തന്റെ പിതാവിന്നും മാതാവിന്നും കീഴ്വഴങ്ങിയിരുന്നുവെന്ന മാത്രമെ ശ്ലൂ. പുസ്തകം പറയുന്നൊള്ളൂ. അപ്പൊഴൊ മ്ശിഹാ കീഴ്വഴങ്ങിയെങ്കിൽ കുടുംബത്തലവനായ യൌസേപ്പു കല്പിക്കയും ചെയ്തിട്ടുണ്ടു. ഈ ന്യായത്താൽ തന്നെ വി. യൌസേപ്പു നമ്മുടെ രക്ഷക്കുവേണ്ടി ചെയ്യുന്ന ശ്രുപാശ് മ്ശിഹാ നിഷ്ഫലീകരിക്കാതിരിക്കുന്നതല്ല. ദൈവം ഈ വി. പിതാവിന്നു ഇത്ര ഉന്നതമായ സ്ഥാനം നൽകിയതു ഈ മഹാത്മാവിന്റെ അവർണ്ണനീയ സുകൃതങ്ങൾ മുഖാന്തരമായിരുന്നുവെന്നുള്ളതും നാം വിസ്മരിക്കേണ്ടതല്ല. "ദാവിദിന്റെ പുത്രൻ,, എന്ന നാമം ചൊല്ലി മാലാഖ അങ്ങേ വിളിച്ചതു ദീർഘദർശിയായ ദാവിദ്രാജാവിന്റെ വംശത്തിൽ ജനിച്ചതുകൊണ്ടു മാത്രമല്ല, പിന്നെയൊ ദൈവത്തിന്റെ ഇഷ്ടനായ ദാവിദിനെപ്പോല ഇദ്ദേഹം സുകൃതവാൻ ആയിരുന്നതുകൊണ്ടുമാണ്. "വിശുദ്ധ യൌസേപ്പു മാംസത്താൽ മാത്രം ദാവീദിന്റെ പുത്രനാകുന്നില്ല. പിന്നെയൊ, വിശ്വാസത്താലും, ശുദ്ധതയാലും, ഭക്തിയാലും കൂടി അയാളുടെ പുത്രനാകുന്നു,, എന്നു വി. ബർണ്ണാർദ്ദ പറയുന്നു. വി. യൌസേപ്പുപിതാവിൽ വിളങ്ങി ശോഭിച്ച സുകൃതങ്ങൾ വിവിധങ്ങളാണെന്നു ഈ മഹാത്മാവിനെക്കുറിച്ചുള്ള വി. ഗ്രന്ഥകർത്താക്കന്മാരുടെ വചനങ്ങൾ തന്നെ സാക്ഷിക്കുന്നുണ്ടു. "അവളുടെ ഭർത്താവായ യൌസേപ്പു നീതിമാനായിരുന്നു,, എന്നാണല്ലൊ സുവിശേഷത്തിൽ എഴുതപ്പെട്ടിരിക്കുന്നതു്. യാതൊരുത്തൻ ദൈവത്തിന്റെ നേർക്കും, തന്നോടു തന്നെയും, സഹവാസികളോടും നീതിയെ ചെയ്യുന്നുവൊ, അവൻ തന്നെയാണു സാക്ഷാൽ നീതിമാൻ. ഈ മൂന്നു വിധ നീതിയെ പാലിക്കുന്നവനിൽ എല്ലാ സുകൃതങ്ങളും ഉണ്ടായിരിക്കും. വി. മറിയത്തോടു വിവാഹം ചെയ്യുന്നതിനുമുമ്പു ഒട്ടധികം യഹൂദയുവാക്കന്മാരിൽവെച്ചു വി. യൌസേപ്പിന്റെ വടിമാത്രം തളിർക്കയും, ഇയാൾ ദേവമാതാവിന്റെ ഭർത്താവായി ദൈവത്താൽ തെരിഞ്ഞെടുക്കപ്പെട്ടവനാണെന്നു ഇങ്ങനെ സ്പഷ്ടമാകുകയും ചെയ്തതിൽവെച്ചു ഇദ്ദേഹത്തിന്റെ യോഗ്യതകൾ ധാരാളം പ്രത്യക്ഷപ്പെട്ടുന്നുണ്ടു. ക്രൂരതയേറും മ്ശിഹായെ കാത്തുസൂക്ഷിച്ചതിൽ അയാൾ ചെയ്ത അത്യുത്സാഹവും, വി. മറിയം ഗർഭാരൂഢയായാൽ ഗർഭിണി ആയ വിവരം അറിയാതെ മനസ്സിലുണ്ടായ ചാഞ്ചല്യത്തെ അടക്കി സൂക്ഷിച്ചതിൽ കാണിച്ച പരമസ്നേഹവും പ്രത്യേകം പ്രസ്താവയോഗ്യങ്ങൾ ആകുന്നു.

പ്രിയരെ! ഇങ്ങനെയുള്ള സുകൃതങ്ങൾ കാരണത്താൽ ദൈവേഷ്ടനായ ഒരു മദ്ധ്യസ്ഥൻ പരത്തിൽ നമുക്കുണ്ടായിരിക്കുമ്പോൾ നമ്മുടെ നിത്യരക്ഷയുടെ സംഗതിയിൽ ഇദ്ദേഹത്തെ ആശ്രയിക്കുന്നതിന്നു മടിക്കുന്നതെന്തെ? ഇഹലോക ഭാഗ്യങ്ങൾ ക്രൂടെയും ഈ മദ്ധ്യസ്ഥന്റെ സഹായത്താൽ പലരും ലഭിക്കുന്നതായി നാം അറിയുന്നു. വി. ത്രേസ്യാ പറയുന്നതു "മാർ യൌസേപ്പുപിതാവിനോടു ഞാൻ അപേക്ഷിച്ചിട്ടു സാധിക്കാത്തതായി ഒന്നും തന്നെയില്ല.,, എന്നാണ്. അപ്പൊഴൊ നാമും ഈ മദ്ധ്യസ്ഥന്റെ സങ്കേതത്തെ പിടിച്ചുകൊണ്ടു അങ്ങേ സുകൃതങ്ങളെ അനുകരിക്കയും, ആത്മവിനെയും ശരീരത്തെയും സംബന്ധിച്ചുള്ള ഭാഗ്യങ്ങളെ അങ്ങേയോടു അപേക്ഷിക്കയും വേണം. ക്രൂടാതെയും ഈ മാസത്തിൽ ഈ വി. പിതാവിന്റെ വണക്കത്തിന്നായി എഴുതപ്പെട്ട ജ്ഞാനവായനകളെ വായിക്കയും ജപങ്ങളെ ചൊല്ലുകയും അങ്ങേ പ്രതിമകളെ അലങ്കരിക്കയും മറ്റും ചെയ്യുന്നതും, ബുധനാഴ്ച ദിവസം കുമ്പസാരിച്ചു ദിവ്യകാരുണ്യം ഉൾക്കൊള്ളുന്നതും, അങ്ങേ സ്തുതിക്കായി മൂന്നു ഭിക്ഷക്കാർക്കു ഭക്ഷണവും വസ്ത്രവും കൊടുക്കുന്നതും മാസാവസാനം

ഒരു തിരുനാളായി കഴിച്ചു കുമ്പസാരിച്ചു ശു. കുർബാന ഉൾക്കൊള്ളുന്നതും ഭക്തികൂട്ടത്ത ഉത്തമമുറകളാണെന്നും ഓർപ്പിച്ചുകൊണ്ടു തല്ക്കാലം വിരമിക്കുന്നു.

ר"ל . ב . ס

പെസഹാക്കാലം.

"ഈശോ നാല്പതു പകലും, നാല്പതു രാവും ഉപവസിച്ച ശേഷം അങ്ങേക്കു വിശന്നു." മത്തായി. അ. ൪. വ. ൨.

പെസഹാകാലമെന്നതു ക്രിസ്തീയ ലോകത്തിൽ മഹത്തായി കൊണ്ടാടപ്പെടുന്ന ഒരു വി. ആഘോഷമാണ്. യൂദന്മാർ എജിപ്തിൽ നിന്നും, ഫറവോന്റെ അടിമസ്ഥാനത്തു നിന്നും രക്ഷിക്കപ്പെട്ടതിന്റെ സ്മരണക്കായി ഈ ആഘോഷം പ്രതിവത്സരം നടത്തപ്പെടേണമെന്ന് ദൈവം യൂദജനത്തോടു പ്രമാണിച്ചിരുന്നു. ഇസ്രായേൽ ജനം പറഞ്ഞൊപ്പിന്റെ നാട്ടിൽ പ്രവേശിച്ച് അവിടെ വാസം ഉറപ്പിച്ചതിൽ പിന്നെയും ഈ തിരുനാൾ വലിയ ആഘോഷമായി തന്നെ കഴിച്ചിരുന്നു. നമ്മുടെ പെസഹാക്കാലത്തിനു വേറൊരു ന്യായം കൂടിയുണ്ട്. എങ്ങനെയെന്നാൽ നമ്മുടെ രക്ഷനാഥനായ മ്ശിഹാ നാല്പതുരാവും, നാല്പതു പകലും ഉപവസിച്ചതിന്റെ സ്മരണയും നാം ആഘോഷിക്കുന്നതും ഈ അവസരത്തിൽ തന്നെയാണ്. കുഞ്ഞാടിനെ ബലികഴിച്ചുകൊണ്ടു യൂദന്മാർ പഴയനിയമത്തിൽ ആഘോഷിച്ച പെസഹാ പുതിയനിയമത്തിൽ മിശിഹാ തന്റെ അതിരറ്റ സ്നേഹത്താൽ നമ്മുടെ ആത്മരക്ഷക്കായി തന്നെത്തന്നെ ബലികഴിച്ച പെസഹായായി തീർന്നു. അവർ എജിപ്തിൽ നിന്നും പുറപ്പെട്ടകയിൽ മാലാക്കായുടെ ആജ്ഞാനുസരണം കൊന്ന കുഞ്ഞാടിന്റെ മാംസം മിശിഹായുടെ തിരുമാംസത്തിന്റെയും അതിന്റെ രക്തം അരങ്ങേ തിരുരക്തത്തിന്റെയും സാദൃശ്യങ്ങൾ ആയിരുന്നു. ഈ പെസഹാ വാസ്തവത്തിൽ അത്യത്ഭുതമായ വിധം പൂർത്തീകരിക്കപ്പെട്ടതു മിശിഹായുടെ മരണഭിനത്തിന്റെ തലെ നാളായ വി. വ്യാഴാഴ്ചയാകുന്നു. ഈ പെസഹാവിരുന്നിന്ന് നമ്മെതന്നെ ഒരുക്കുന്ന അവസരമാണ് പെസഹാക്കാലം. സാധാരണയായി ആണ്ടുകുമ്പസാരാവധി എന്നു പറയപ്പെടുന്നതും, ഈ ഘട്ടം തന്നെയാണ്. പെസഹാക്കാലം നോമ്പ, നമസ്സാരം മുതലായവകളോടുകൂടിയുള്ളതാണ്. അമ്പതുനോമ്പിനെപ്പറ്റി എല്ലാവരും ഒരു വിധം അറിഞ്ഞിട്ടുണ്ടെങ്കിലും ഈ അവസരത്തിലും അതേപ്പറ്റി ചില വിമർശനങ്ങൾ ഉപകാരപ്രദങ്ങളാകുവാൻ ഇടയുള്ളതാണ്. നോമ്പുകാലങ്ങളിൽ പുറമേയുള്ള ആഹാരസാധനങ്ങളെ വിധത്തിലും, അളവിലും വ്യത്യാസപ്പെടുത്തിയാണ് നാം അനുഭവിച്ചുവരുന്നതു. പുറമെയുള്ള മറ്റു ചില ആചാരങ്ങളും, നോമ്പിനെ സംബന്ധിച്ച് നമുക്ക് ഉണ്ടായിരിക്കാം. എങ്കിലും നമ്മുടെ ഉള്ളിനടുത്ത പ്രവൃത്തികൾക്ക് വേണ്ട പരിപാകത വരുത്താത്ത പക്ഷം പുറമേയുള്ള നോമ്പുകൊണ്ടു വലിയ പ്രയോജനം ഉണ്ടായിരിക്കയില്ല. യൂദപ്രമാണികളുടെ നോമ്പിനെക്കുറിച്ചും ദീർഘപ്രാർത്ഥനയെക്കുറിച്ചും വളരെ അതൃപ്തിയായിട്ടാണ് മിശിഹാ പ്രസ്താവിച്ചിട്ടുള്ളതു. കാരണം ഉള്ളിനടുത്ത പ്രവൃത്തികളുടെ ദൈർല്ലഭ്യവും നിയോഗശുദ്ധിയില്ലായ്മയുമായിരുന്നു. അതിനാൽ നാം നോമ്പു നോല്ക്കുമ്പോൾ നമ്മുടെ ഉള്ളിന്ദ്രിയങ്ങളെ ക്രൂടെയും നോമ്പുനോല്പിക്കുന്നതിനു ശ്രമിക്കണം. പുറമെ നാം ഭക്തിമാന്മാരായിരുന്നുകൊണ്ട് കോപം, വൈരാഗ്യം, വക, സഹനമില്ലായ്മ, ഉർച്ഛാഗ്രഹം മുതലായവകളെ ഉള്ളിൽ സംഭരിക്കുന്നതായാൽ വരുന്ന പ്രയോജനമെന്താണ്?

യഥാർത്ഥത്തിൽ നോമ്പുനോല്ക്കുകയും ഭക്തന്മാർ ആകുകയും ചെയ്യുന്നതി

ലേക്ക നമ്മെ ചൂടപിടിപ്പിക്കുന്നതിന്ന് നോമ്പിന്റെ അവസാന വാരത്തിൽ തിരുസ്സഭ നമ്മെ ഓർമ്മിപ്പിക്കുന്ന മ്ശിഹായുടെ കഷ്ടാനുഭവ സംഗതികൾ ധാരാളം മതിയായിരിക്കുന്നു. എന്നാൽ കാന്താരിമുളക വളരെ എരിവുള്ളതാണെങ്കിലും അതു വായിൽ ഇട്ട് ചവക്കുന്നില്ലായെങ്കിൽ യാതൊരു എരുവും, അറിയുകയില്ല. അപ്രകാരം തന്നെ മ്ശിഹായുടെ പാടുകൾ അതികഠിനമായിരുന്നാലും നാം അവയുടെ ഗൌരവത്തെക്കുറിച്ചു വിചിന്തനം ചെയ്യാതിരുന്നാൽ അവ നമ്മെ തിണ്ണപ്പെടുത്തുകയില്ല. നമ്മുടെ കർത്താവായ അങ്ങേ ഒരുവചനമൊ ഒരു തുള്ളി ചോരയൊ ഈ ലോകത്തെ രക്ഷിക്കുന്നതിന്ന വേണ്ടുവോളം മതിയായിരിക്കെ, വിവിധതര മഹാപീഡകളെ അനുഭവിച്ചു നമുക്കുവേണ്ടി പ്രാണനെ ഉപേക്ഷിച്ച അങ്ങേ സ്നേഹത്തെ ഓർത്തു ധ്യാനിക്കേണ്ടതു നമ്മുടെ മുമതലയാകുന്നു. നമ്മുടെ നായകനായ അങ്ങേ കഷ്ടപ്പാടുകളെ കണ്ടുകൊണ്ട നാമും, ഇഹലോക കഷ്ടപ്പാടുകളെ സഹിക്കണം. എളിമയുള്ളവരാകണം, സേനാനായകനെ ശരിയായ വിധത്തിൽ പിൻചെല്ലുന്നവൻ മാത്രമെ ജയത്തിന്ന പങ്കാളി ആകുന്നതിന്ന യോഗ്യനാകുന്നൊള്ളു.

പ്രിയവായനക്കാരെ! ഒന്ന ഇവിടെ ആലോചിപ്പിൻ. ലോകത്തിന്റെ ദൃഷ്ടിയിൽ നിന്ദാവഹമായി തോന്നുന്ന സുകൃതങ്ങൾ നമ്മുടെ നിത്യരക്ഷക്ക ഉതകുന്നുവക്ഷം അവയെ അനുഷ്ഠിക്കുന്നതിന്ന നിങ്ങൾ എന്തൊമടിക്കുന്നു! ലോകാധിപതിയായശേഷം നിത്യനിഷ്ഠാഗൃത്തിലകപ്പെട്ടാൽ എന്തുഫലം? നിത്യഭാഗ്യമായ ആകാശമോക്ഷത്തിന്നുവേണ്ടിതാല്ക്കാലിക യശസ്സ് നമുക്ക നഷ്ടപ്പെട്ടാൽ എന്തു? മിശിഹാ തന്റെ ക്രൂരമരണത്തിന്റെശേഷം മൂന്നാംനാൾ എത്രമാത്രം മഹിമയോടുകൂടെയാണ് ഉത്ഥാനംചെയ്തതെന്ന ഓർത്തുകൊൾവിൻ! അങ്ങേ ഉപദ്രവിച്ചവരുടെ ഭാവം എങ്ങിനെ മാറിപ്പോയി! "മിശിഹായെ പിൻചെന്ന പാടപെടുന്നതായാൽമിശിഹായോടുകൂടെ വാഴ്കയുംചെയ്യാം." എന്നുള്ള പി. ശ്ലീഹായുടെ വചനം ഓർത്തുകൊണ്ട പെസഹാ ചടങ്ങുകളെ ശരിയായി നിവൃത്തിക്കുന്നതിന്ന ഉത്സാഹിച്ചുകൊൾവിൻ.

? ഫെ. ൨. ൫

മരിച്ച വിശ്വാസികളുടെ കവറിടത്തിൽ, വിളക്ക, മെഴുകുതിരി മുതലായവ കത്തിച്ചുവരുന്നതിനേക്കുറിച്ച്.

൫. ദൈവം പഴയനിയമത്തിൽ അങ്ങേ വിശുദ്ധാലയത്തിലും തിരുക്കർമ്മാനുഷ്ഠാനങ്ങളിലും ദീപങ്ങൾ ഉപയോഗിക്കപ്പെടേണമെന്ന എത്രയും വ്യക്തമായി കല്പിച്ചിട്ടുണ്ടായിരുന്നു. പുറപ്പാട പുസ്തകം ൨൭ അ. ൨൧, ൩൦ വാക്യങ്ങളിൽ ഇപ്രകാരം അരുളിച്ചെയ്തിരിക്കുന്നു. "നീ ശുദ്ധപൊന്നുകൊണ്ട ഒരു കവര വിളക്ക ഉണ്ടാക്കണം. അതിന്മേൽ ഏഴു ദീപങ്ങൾ വെക്കയുംവേണം." എന്നാൽ ഈ ദീപങ്ങൾ നിത്യം പ്രകാശിച്ചുകൊണ്ടിരിക്കേണ്ടതായിരുന്നതിനാൽ വീണ്ടും അരുളിച്ചെയ്യുന്നു. "വിളക്കിനെ എല്ലായ്പോഴും കത്തുമാറാക്കേണ്ടുന്നതിന്ന, ഇസ്രായേൽമക്കൾ വിളക്കുവെപ്പിന്ന ഇടിച്ചെടുക്കപ്പെട്ട തെളിവുള്ള സൈത്തെണ്ണയെ നിന്റെ അടുക്കൽ കൊണ്ടുവരുവാൻ നീ അവരോട കല്പിക്ക. വിളക്ക വൈകുന്നേരംമുതൽ കാലത്തുവരെയും കർത്താവിന്റെ മുമ്പാകെ പ്രകാശിക്കത്തക്കവണ്ണം അഹരോനും അവന്റെ പുത്രന്മാരും അതിനെ വിചാരിച്ചുനടത്തുകയും ഇതു അവരുടെ തലമുറകളിൽ ഇസ്രായേൽമക്കൾക്കായിട്ട എന്നേക്കും ചട്ടമായിരിക്കയുംവേണം." (ടി. പുസ്തകം ൨൭ അ. ൨൦, ൨൧ വ.) ഇതിൽനിന്ന പഴയ നിയമത്തിൽ വിശുദ്ധാലയത്തിൽ ദീപങ്ങൾ ഉപയോഗിച്ചിരുന്ന എന്നും അതു ദൈവത്തിന്ന ഏറ്റവും ഇഷ്ടമുള്ളതും

പ്രാധാന്യമേറിയതുമായ വേദാചാരമുറകളിൽ ഒന്നായിരുന്നു എന്നും അതിനായി പ്രത്യേകം ആളുകളെ ദൈവം നിയമിച്ചിട്ടുണ്ടായിരുന്നു എന്നും തെളിവാകുന്നു.

൨. എന്നാൽ പുതിയനിയമത്തിലും ദീപങ്ങളുടെ ഉപയോഗം പ്രാധാന്യമുള്ളതായിട്ടുതന്നെ ആചരിക്കപ്പെട്ടിരുന്നു. ആയതു് രാത്രികാലങ്ങളിൽ ദൈവശുശ്രൂഷകൾ കഴിച്ചിരുന്നപ്പോൾമാത്രമല്ല, പകൽസമയങ്ങളിലും ഉപയോഗിച്ചിരുന്നു. തിരുസ്സഭയുടെ ആദ്യകാലത്തിൽ പള്ളികളിൽ വിളക്കുകളും മെഴുകുതിരികളും കത്തിക്കുന്ന ജോലിക്കായി തക്കയോഗ്യതയുള്ള ആളുകളെ നിയമിക്കയും അവരെ നാലാംപട്ടക്കാരെന്നു (Acolytes) വിളിക്കയും ചെയ്തു പതിവായിരുന്നു. ഈ തിരു ഉദ്യോഗം ഇപ്പോഴും തിരുസ്സഭയിൽ പൂർണ്ണമായി നടന്നുവരുന്നുണ്ടു്.

എന്നാൽ കത്തുന്ന ദീപം മോക്ഷവാസികളെ ആനന്ദിപ്പിക്കുന്ന നിത്യപ്രകാശത്തിന്റെ ഒരു സാദൃശ്യമാകുന്നു. ആയതു മരിച്ചവിശ്വാസികളുടെ മേൽ പ്രകാശിക്കുമാറു നാം പ്രാർത്ഥിക്കയും ചെയ്യുന്നു. നാലാം ശതാബ്ദത്തിൽ തിരുസ്സഭയിൽ വിളങ്ങിയിരുന്ന മഹാ വേദപാരഗനായ വിശുദ്ധ അത്തനാസിയോസ് ഈ ഭക്തികൃത്യത്തേപ്പറ്റി എത്രയും ശക്തിമത്തായി പറയുന്നതെന്തെന്നാൽ: "മരിച്ചവരു ഭൂമിയിൽ അടക്കംചെയ്യപ്പെട്ടിരുന്നാലും അവരുടെ കവറിടത്തിങ്കൽ എണ്ണയും മെഴുകും കത്തിക്കുന്നതിനു അമാന്തിക്കരുതു്. എന്തുകൊണ്ടെന്നാൽ ഇതു ദൈവത്തിനു പ്രസാദകരവും (ചെയ്യുന്നവക്കു) സാക്ഷാൽ സമ്മാനാർഹവുമാകുന്നു. എണ്ണയും മെഴുകും ഒരു കാഴ്ചയാകുന്നു. ദിവ്യപൂജ പാപപരിഹാരവും ദരിദ്രന്മാക്കു കൊടുക്കുന്ന ദാനധർമ്മം വലുതായ പ്രതിഫലത്തിനുള്ള യോഗ്യതയുമാകുന്നു." ഇതിൽനിന്നു മരിച്ചവരുടെ കവറിടത്തിങ്കൽ വിളക്കും മെഴുകുതിരിയും കത്തിക്കുന്നതു തിരുസ്സഭയുടെ പൂർവ്വികാചാരമാണെന്നും അതിനേപ്പറ്റി ആരും ഒട്ടും സംശയം ജനിപ്പിക്കാൻ കാരണമില്ലെന്നും സ്പഷ്ടമാണല്ലൊ.

൩. വിശുദ്ധ സഭയുടെ ആദ്യ ശതകങ്ങളിൽ, അതിന്റെ വേദത്തെരുക്കാലങ്ങളിൽക്രൂടെയും മരിച്ച വിശ്വാസികളുടേയും പ്രത്യേകം വേദസാക്ഷികളുടേയും വന്ദകന്മാരുടേയും കവറിടങ്ങളെ അലങ്കരിക്ക പതിവായിരുന്നു. ഇതിനാൽ വിശുദ്ധ യോഹന്നാൻ ദമഷ്കോസിന്റെ സാക്ഷിതപത്തെ അടിസ്ഥാനപ്പെടുത്തി വിശുദ്ധ തോമ്മാമല്ലാൻ "ആദ്യകാലങ്ങളിൽ മരിച്ചവരുടെ ആത്മാനുകൂലാർത്ഥം കാഴ്ചവെക്കപ്പെട്ടിരുന്ന ദാനങ്ങളിൽ ഒന്നു എണ്ണയായിരുന്നു" എന്നു പ്രസ്താവിച്ചിരിക്കുന്നു. ഇപ്രകാരം മദ്ധ്യയുഗങ്ങളിലും വിശ്വാസികളുടെ കവറിടത്തിങ്കൽ നിശ്ചിത കാലാവധികളിലും ചില രാജ്യങ്ങളിൽ ആണ്ടുവട്ടം മുഴുവനും ദീപങ്ങൾ കത്തിച്ചുവെക്കേ പതിവായിരുന്നു. ഈ സൂത്രാർഹമായ മുറ നമ്മുടെ ഈ കാലങ്ങളിലും പരദേശങ്ങളിൽ പാരമ്പര്യമായി ആചരിക്കപ്പെട്ടുവരുന്നതായി അറിയുന്നു. സ്വയോക്സ് പട്ടണത്തിൽ വിശുദ്ധ യോഹന്നാന്റെ പള്ളിയിൽ മരിച്ചവക്കുവേണ്ടി മിക്കപ്പോഴും മുന്നൂറിൽ പരം ദീപങ്ങൾ കത്തിക്ക പതിവാണു. ഫ്രാൻസിൽ Issodun എന്ന നഗരത്തിൽ തിരുഹൃദയനാഥയുടെ ദേവാലയത്തിൽ ഈ ഉദ്ദേശ്യത്തിനായി നൂറിലധികം വിളക്കുകൾ സദാ എരിഞ്ഞുകൊണ്ടിരിക്കുന്നു. ക്രൂതെ, ഇറ്റലി, സ്വീറ്റ്സെർലണ്ടു്, ജർമ്മനി മുതലായ രാജ്യങ്ങളിൽ പലേ പള്ളികളിൽ ഈവകയ്ക്കായി മൂലധനവും സ്ഥാപിക്കപ്പെട്ടിട്ടുണ്ടു്.

൪. ഇതു ആത്മാവുകൾക്കു പ്രയോജനകരവും ദൈവത്തിനു പ്രസാദജനകവും ആണെന്നു തെളിയിക്കുന്നതായ അനേകം ദൃഷ്ടാന്തങ്ങൾ ഉണ്ടു്. ബൊനോൻ എന്ന ചരിത്രകാരൻ പറയുന്നതായതു്: "മരിച്ചുപോയ ഒരാളിന്റെ ആത്മാവു തന്റെ സംബന്ധക്കാരിൽ ഒരുവന്നു പ്രത്യക്ഷയായി, തന്റെ ശവസംസ്കാരകർമ്മത്തിനു പതിവുള്ളടത്തോളം മെഴുകുതിരികൾ കത്തിക്കാതിരുന്നതിനേപ്പറ്റി അതിയായി ആവലാധി പറകയുണ്ടായി." ഒരു വീട്ടിൽ ശുദ്ധീകരാത്മാവുകളേക്കുറിച്ചു പതിവനുസരണം കത്തിച്ചുവന്നിരുന്ന മെഴുകുതിരി ഒരു ശനിയാഴ്ച കത്തിക്കാതെ വിട്ടുപോയതിനാൽ,

ആ വീട്ടിൽ ഏറ്റവും ദയനീയമായ ഒരു പ്രലാപം കേൾക്കപ്പെട്ടിരുന്നു എന്നും മേൽപറഞ്ഞ ഗ്രന്ഥകർത്താവു എഴുതിയിരിക്കുന്നു.

ഒരു വൈദികൻ Rev. John a Nagaleisen എന്ന വിശ്രുത ഗ്രന്ഥകർത്താവിനോടു താഴെ കാണുന്ന സംഭവം പറഞ്ഞറിയിച്ചതായി അദ്ദേഹം സാക്ഷിക്കുന്നു. എന്തെന്നാൽ: "ടിറോൾ(Tyrol) കാരനായ എന്റെ ഒരു സ്നേഹിതൻ ഒരു ദിവസം രാത്രി തന്റെ അയൽക്കാരന്റെ പറമ്പിൽ കയറി ചില സാധനങ്ങൾ മോഷ്ടിക്കുന്നതിനായിട്ടു മൂന്നു പ്രാവശ്യം ശ്രമിച്ചു. എന്നാറെ ആ മൂന്നുപ്രാവശ്യവും ഒരു വലിയ പ്രകാശം തന്റെ അടുക്കലേക്കു വരുന്നതായി കണ്ടതിനാൽ അവൻ പിൻമാറിക്കളഞ്ഞു. പിന്നീട പറമ്പുടമസ്ഥനോടു തന്റെ കാവൽക്കാരൻ എത്രയും ജാഗരൂകനും വിശ്വസ്ഥനുമാണല്ലൊ എന്നു പറഞ്ഞപ്പോൾ താൻ യാതൊരു കാവൽക്കാരനേയും ആക്കീട്ടില്ലെന്നും ദിവസംതോറും വൈകിട്ടു ശുദ്ധീകരാത്മാക്കളേക്കുറിച്ചു ഒരു മെഴുകുതിരി കത്തിച്ചുവെക്കുക പതിവാണെന്നും ആ നന്ദിയുള്ള ആത്മാവുകൾ ആയിരിക്കണം തന്റെ വസ്തുക്കളെ കാത്തതു എന്നും അയാൾ മറുപടിപറഞ്ഞു."

൪. ആകയാൽ ഈ ഭക്തികൃത്യം നിറവേറുന്നതുകൊണ്ടു മരിച്ചവർക്കുമാത്രമല്ല നമുക്കും പ്രയോജനകരമാണെന്നു തെളിവാണല്ലൊ. വിശേഷിച്ചും മരിച്ച വിശ്വാസികളുടെ കുറവിടത്തിങ്കൽ വിളക്കുകത്തിച്ചു പ്രാർത്ഥിക്കുന്നതു നമ്മുടെ പ്രസിദ്ധമായിട്ടുള്ള ഒരു വിശ്വാസപ്രകരണമാകുന്നു. എന്തെന്നാൽ മരിച്ചവർ ഉയിർക്കുമെന്നും നിത്യപ്രകാശമായ മോക്ഷഭാഗ്യം അവർക്കു സിദ്ധിക്കുമെന്നും ഉള്ള നമ്മുടെ വിശ്വാസത്തിന്റെ എത്രയും പ്രാധാന്യമുള്ള ഒരു സത്യത്തെ നാം പരസ്യമായി പ്രസ്താവിക്കയാണു ചെയ്യുന്നതു. ഇതു ദൈവത്തിനു അത്യന്തം ഇഷ്ടമുള്ളതും ആത്മാവുകൾക്കു സാക്ഷാൽ ആശ്വാസപ്രദവും നമുക്കു വളരെ ഫലസിദ്ധിയുള്ളതും തിരുസ്സഭയിൽ പൂർവ്വം മുതൽക്കെ നടപ്പുള്ളതും ആകയാൽ ഇതിനെ ആരും ഒരു മൂഢഭക്തിയായി തിരസ്കരിക്കാതെ, ആത്മാവുകളെ സഹായിക്കുന്ന സുകൃത മുറകളിൽ ഒന്നായി പരിഗണിച്ചാചരിക്കേണ്ടതാണ്.

ഫാദർ ജെ. മരിയ.

പുണ്യപരീക്ഷ.

പതം അഥവാ മിതം.

പ്രധാന പുണ്യങ്ങളിൽ വിവേകത്തേയും, നീതിയേയും, ധൈര്യത്തേയും സംബന്ധിച്ചുള്ള നിരൂപണം സംക്ഷേപമായി ചെയ്തിരിക്കയാൽ, അവസാനമായി ശേഷിച്ചിരിക്കുന്ന പതമെന്ന പുണ്യത്തെ സംബന്ധിച്ചു ഇപ്പോൾ പറവാൻപോകുന്നു.

മനുഷ്യസ്വഭാവത്തിൽ ജീവാത്മാവെന്നും ജ്ഞാനാത്മാവെന്നും രണ്ടുഭാഗങ്ങൾ ഉണ്ട്. ഇവയ്ക്കു വേദന, ബോധം (ഉപലബ്ധി) എന്ന രണ്ടുതരം അറിവും, ഈ ഇരുവിധ അറിവനുസരിച്ചു, ഐന്ദ്രികമായും ബുദ്ധിവിഷയമായും രണ്ടുതരം സന്തോഷങ്ങളുമുണ്ട്. ദൈവികമായൊ സ്വാഭാവികമായൊ ഉള്ള സത്യങ്ങളുടെ വിചാരങ്ങളിൽ നിന്നും കഥകളുടെ വായനയിൽനിന്നും ഉണ്ടാകുന്ന സന്തോഷം മാനസികമായുള്ളതും രുചിസ്പർശാദിയായി ബാഹ്യേന്ദ്രിയങ്ങൾ മൂലമായ് അനുഭവിക്കുന്ന സന്തോഷം ഐന്ദ്രികമായുള്ളതും ആകുന്നു. പതം അഥവാ മിതം എന്ന പുണ്യം, ഒടുവിൽപറഞ്ഞ ഐന്ദ്രികമായ അഥവാ കായികമായ സന്തോഷങ്ങളുടെ ക്രമീകരണത്തെ സംബന്ധിക്കുന്നു. എന്നാലും ഈ പുണ്യം ഐന്ദ്രികമായ എല്ലാ സന്തോഷങ്ങളേയും സംബന്ധിക്കുന്നില്ല. രുചിസ്പർശം എന്ന രണ്ടു ഇന്ദ്രിയങ്ങളെ സംബന്ധിക്കുന്ന സന്തോഷങ്ങളെ മാത്രമെ സംബന്ധിക്കുന്നുള്ളു. ആകയാൽ പതത്തിന്റെ വിഷയം രുചിസ്പർശങ്ങൾ മൂലമുണ്ടാകുന്ന സന്തോഷങ്ങളാകുന്നു. ഈ സന്തോഷങ്ങളിന്മേലുള്ള ആശയെ മിതപ്പെടുത്തുന്നതു ഈ പുണ്യത്തിന്റെ പ്രവൃത്തിയാകുന്നു.

ഈ പുണ്യത്തെ രണ്ടുപ്രകാരത്തിൽ ഗ്രഹിക്കാറുണ്ട്. ൧–മതു ബുദ്ധിക്കുനു സരണമല്ലാത്തവകളിൽ നിന്നു പക്ഷത്തെ വിരോധിക്കുന്ന ഒരു പുണ്യമായി ഇതിനെ ചിലപ്പോൾ സ്വീകരിപ്പാറുണ്ട്. അപ്പോൾ ഇതു സുവിശേഷകപരിത്യാഗം തന്നെയാകുന്നു. ൨–മതു മനുഷ്യനെ അധികമായി വശീകരിക്കുന്ന ആശകളെ നിരോധിക്കുന്ന ഒരു പുണ്യമായി അശിഥിലാത്മത്തിൽ ഗ്രഹിക്കാറുണ്ട്. ഈ അർത്ഥത്തിൽ ഇതു്, രുചിയേയും സ്പർശനത്തേയും സംബന്ധിച്ച സന്തോഷങ്ങളിൽ കാമുകാശയെ (Appetitus concupiscibilis) ക്രമീകരിക്കുന്ന പ്രധാനതര പുണ്യങ്ങളിൽ ഒന്നാകുന്നു. ഈ പുണ്യത്തെ സംബന്ധിച്ചു പ്രസിദ്ധനായ അറിസ്റ്റൊത്തലൻ പറയുന്നതു്: ഒരു കുട്ടി ബാലശിക്ഷകന്റെ ആജ്ഞാനുസരണം ജീവിക്കേണ്ടതുപോലെതന്നെ, ആത്മാവിന്റെ കാമുകാശയെ ബുദ്ധിയുടെ ആജ്ഞപ്രകാരം നയിക്കേണ്ടതാകുന്നു.

പതത്തിനുള്ള പ്രമാണം എന്തെന്നു ആവശ്യപ്പെടുന്നുവെങ്കിൽ, ഐഹിക ജീവിതത്തിനും, ഐഹികജീവിത ധർമ്മാനുഷ്ഠാനത്തിനും വിഷയ സുഖങ്ങൾ എത്രത്തോളം ആവശ്യമുണ്ടോ അത്രത്തോളം അനുഭവിക്കാം എന്നു വേദപുസ്തകവും വേദപാരഗന്മാരും പ്രമാണം നിശ്ചയിക്കുന്നു. ആവശ്യം എന്ന വാക്കിൽ, ആളുകളുടേയും, സ്ഥലത്തിന്റെയും ജോലികളുടേയും മറ്റു സാഹചര്യങ്ങളുടെയും അവസ്ഥാനുസരണം ഔചിത്യത്തേയും ഉപകാരത്തേയും ക്രമേ ഗ്രഹിക്കേണ്ടതാകുന്നു. അതായതു രുചിയുടെയും സ്പർശനത്തിന്റെയും സുഖാനുഭോഗത്തിൽ കേവലം ആവശ്യം മാത്രമല്ല, ഉപകാരവും യോഗ്യതയും പ്രമാണമായി വിചാരിക്കാം.

ലജ്ജയും മാനവും മിതത്തിന്റെ ധർമ്മങ്ങളെ അഥവാ കടമകളെ പൂർണ്ണമായി നിർവ്വഹിപ്പാൻ സഹായിക്കുന്ന പതമെന്ന പുണ്യത്തിന്റെ പൂരണഭാഗങ്ങളാകുന്നു. ഇവയിൽ ഒന്നു അമിതതയുടെ ദോഷത്തേയും, മറെറാന്നു മിതതയുടെ സ്നേഹത്തേയും സൂചിപ്പിക്കുന്നു. അമിതതയെ വെറുപ്പാൻ ലജ്ജയും, മിതതയെ സ്നേഹിപ്പാൻ മാനവും സഹായിക്കുന്നു.

മിതഭോജനം, മിതപാനം, ശുദ്ധത അഥവാ ചാരിത്ര്യം, ലജ്ജാശീലം ഇവകൾ മിതതയുടെ തരഭേദങ്ങൾ ആകുന്നു.

മിതശീലത്തിന്റെ മറുഭാഗങ്ങളായവ ൧. ജിതേന്ദ്രിയത്വം, ൨. സൌമ്യത, ൩. ദയാലുത്വം, ൪. വിനീതത. അഥവാ നമ്രത. (എളിമ) ൧. ജിതജിഞ്ഞാസത്വം, ൨. ആചാരവിനയം, ൩. സംസാരവിനയം. ൪. വിനോദവിനയം.

ഇവകളിൽ ഓരോന്നിനേയും സംബന്ധിച്ചു അടുത്തതിൽ പ്രതിവാദിക്കുന്നതാകുന്നു.

Y&൭൨ .൨ .൫

ഒരു അസാമാന്യ സ്ത്രീരത്നം.

ഈ കഴിഞ്ഞ ജനുവരി ൨൫–നു മംഗലാപുരത്തു കമ്മെല നായകിയുടെ ഒന്നാംസഭാ കന്യകാമഠത്തിൽവച്ചു, മാനുഷാവതാരത്തിന്റെ മറിയം എന്ന ബ. സഹോദരി തന്റെ വ൪–ാമത്തെ വയസ്സിൽ ഭാഗ്യമരണം പ്രാപിച്ചു. അവർ സംസാരവാസികളും സന്ന്യാസ അന്തസ്സുകാരുമായ സകലക്കും, ഒരു ഉത്തമമാതൃകയായിരിക്കയാൽ കുസുമവായനക്കാരുടെ പ്രയോജനത്തെ ഉദ്ദേശിച്ചു അവരുടെ സംക്ഷേപജീവചരിത്രം താഴെ ചേക്കുന്നു.

ഈ സ്ത്രീരത്നം ൧൮൭൫ മേ മാസം ൨൨–നു വടക്കൻ കനറാ ജില്ലയിൽ പാച്ചിസ് എന്ന മാന്യകുടുംബത്തിൽ പിറന്നു. പതിനാലു വയസ്സിൽ, സബ് ജഡ്ജി എൽ. എസ്. റൊസാരിയോ എന്ന വിശ്രുതദേഹത്തോടു വിവാഹം ചെയ്തു. അചിരേണ നാലു പുത്രന്മാരും എട്ടു പുത്രിമാരും ജാതരായി. ദൈവം തങ്ങൾക്കു നൽകിയ ഈ മക്കളെ എല്ലാവരേയും ദൈവികവും ലൌകികവുമായ

സകല അറിവുകളും കാലാനുസരണം പഠിപ്പിച്ചു വളത്തിവരികയിൽ, ഭാവിയിൽ തങ്ങളുടെ സമസ്ത പ്രതീക്ഷക്കും വിഷയമായിരുന്ന മൂത്തമകനും, ഏറെ താമസിയാതെതന്നെ മൂത്തമകളും മരണംപ്രാപിച്ചു. ഇതിനാൽ തനിക്കുണ്ടായ സീമാതീതമായ ദുഃഖത്തെ ദൈവചിത്തത്തിനു കീഴ്വഴങ്ങി ക്ഷമയോടെ സഹിച്ചു. അനന്തരം കാലതാമസമെന്യേ തന്റെ ഭർത്താവും പരലോകപ്രാപ്തനായി. ഇതിന്റെശേഷം വിധവയായ ഈ സ്ത്രീരത്നം നാനാവിധ പുണ്യങ്ങളിൽ അഭ്യസിച്ചുകൊണ്ടും, മക്കളെ മേൽക്കുമേൽ പുണ്യത്തിൽ അധികരിപ്പിച്ചുകൊണ്ടും, അഗതികളെ ധാരാളമായ ധർമ്മങ്ങളാൽ സഹായിച്ചുകൊണ്ടും, ക്രിസ്തീയ കുടുംബങ്ങൾക്കെല്ലാം ഉത്തമമാതൃകയാവാൻ തക്ക നിലയിൽ തന്റെ കുടുംബത്തെ നടത്തിക്കൊണ്ടുപോന്നവിധം ഏവർക്കും അനുകരണയോഗ്യമെന്നേ പറവാനുള്ളു. ദിവസേന കൃത്യം നാലഞ്ചു വെളുപ്പുള്ളപ്പോൾ, എഴുന്നേറ്റു, പതിവായുള്ള ജപനമസ്കാരങ്ങളെല്ലാം കഴിച്ചശേഷം ആറുമണിക്കു മുമ്പായി കാലത്തെ ഭക്ഷണത്തിനുവേണ്ടുന്നവയൊക്കെ ഒരുക്കിവച്ചിട്ട് സൌകര്യമുള്ള മക്കളോടുകൂടെ പള്ളിയിൽപോകുക സാധാരണ മുറയായിരുന്നു. തിരികെ വീട്ടിൽവന്നാൽ വേലജോലികളിൽ നിന്നൊഴിവുള്ള നേരമെല്ലാം ജ്ഞാനപുസ്തകങ്ങൾ വായിക്കുന്നതിനോ, ജപമാല നമസ്കരിക്കുന്നതിനോ വിനിയോഗിച്ചിരുന്നു. രോഗികളെ ശുശ്രൂഷിക്കുന്നതിൽ കാണിച്ചിരുന്ന താല്പര്യം അനന്യസാധാരണമായിരുന്നു. വൃഥായുള്ള വർത്തമാനങ്ങൾകൊണ്ടു സമയവ്യയം ചെയ്യുന്നതിന്നായി ചെല്ലുന്ന ആളുകളെ വേഗത്തിൽ പിരിച്ചയക്കുന്നതിനു ഇവർ ഉപയോഗിച്ചിരുന്ന നയം ഇന്നും പലരുടേയും സംസാരവിഷയമായിരിക്കുന്നു. മക്കളിൽ യാതൊരുത്തരും അടുത്ത സംബന്ധികളോടുകൂടെ ആയിരുന്നാലും വേണ്ടതില്ല, സ്വന്ത ദൃഷ്ടിയിൽനിന്നു വിട്ടു രാത്രി കഴിക്കുന്നതിനു അനുവദിച്ചിരുന്നില്ല. കുറെകുറവുകൾ കാണപ്പെടുമ്പോൾ കുട്ടികളോടുള്ള പെരുമാറ്റം വിചാരിച്ചാൽ, ഒരു മഹാ കഠിനഹൃദയമാണെന്നു തോന്നിപ്പോകും. സന്ധ്യകഴിഞ്ഞാലുടൻ കുടുംബത്തിൽപെട്ട സകലർക്കുമായി ഒരു വേദോപദേശപഠനം താൻതന്നെ അനുദിനം കൃത്യമായി നടത്തിവന്നിരുന്നു. ദിതാദൃശങ്ങളായ ശ്രമങ്ങളുടെ ഫലങ്ങൾ ക്രമേണ പ്രത്യക്ഷപ്പെട്ടുതുടങ്ങി. പുത്രന്മാരിൽ ഇരുവർ, ഒരാൾ എഫ്. ഏ. പരീക്ഷ കഴിഞ്ഞു വകിൽപണി നടത്തിവരികയിൽ, പ്രദർശിപ്പിച്ച സാമർത്ഥ്യം ഹേതുവായിട്ടു മുൻസിഫ് ഉദ്യോഗത്തിനു നിയമിക്കപ്പെട്ടവാൻ ആലോചന നടക്കുമ്പോഴും, മറ്റൊരാൾ ബി. ഏ. പരീക്ഷ വിജയിയായശേഷവും, ഈശോസഭയിൽ ചേർന്നു സന്ന്യാസജീവിതം അവലംബിച്ചു. ഇരുവരും സ്ഥലത്തെ കീർത്തിപെട്ട സെൻറ് അലോഷ്യസ് കോളജിൽ പ്രോഫസർമാരായിരിക്കുന്നു. പുത്രിമാരിൽ നാലുപേർ ഇവിടെയുള്ള ക. ദി. പ്രേഷകമൂന്നാംസഭാമഠത്തിൽ ചേർന്നു സന്ന്യാസജീവിതം സ്വീകരിച്ചു. ഇവരിൽ ഒരാളത്രേ ഈ ത്രുപതയിലുള്ള നാലു ക. ദി. മൂ. പ്രേ. മാങ്ങളുടെ പൊതുശ്രേഷ്ഠത്തിയായി ഭരിച്ചുവരുന്നതു്. ദൈവശുശ്രൂഷക്കു തങ്ങളെത്തന്നെ പ്രതിഷ്ഠിപ്പാൻ ആഗ്രഹിക്കുന്ന മക്കളെ —വിശിഷ്യാ കുറേ പഠിപ്പും സാമർത്ഥ്യവും ഉള്ളവരാണെങ്കിൽ— അവരുടെ ദൈവവിളിപ്പിൽനിന്നു തടയുന്ന ചില മാതാപിതാക്കന്മാർക്കു ഇതെത്രയൊ ലജ്ജാവഹമായ ദൃഷ്ടാന്തമായിരിക്കുന്നു!

എന്നാൽ നമ്മുടെ ധീരവതി ഇതുകൊണ്ടും തൃപ്തിയായില്ല. തനിക്കും ലോകമുപേക്ഷിച്ചു ദൈവത്തിനു പ്രത്യേക ശുശ്രൂഷ ചെയ്യണമെന്നുള്ള ആഗ്രഹം അതികലശലായിത്തുടങ്ങി. തദനുസരണം തന്റെ നാലാമത്തെ വയസ്സിൽ

സമസ്തം ലൌകിക പ്രതിബന്ധങ്ങളേയും ധീരതയോടെ തകർത്തു, സ്ഥലത്തെ കങ്കാടി കുന്നിലുള്ള മഹാ കഠിനമെന്നു ലോകപ്രസിദ്ധമായ കർമ്മലീത്താ നിഷ്പാദുക കന്യാസ്ത്രീകളുടെ മഠത്തിൽ ചേർന്നു. ഇപ്രകാരം ലോകത്തിൽ തന്റെ സ്വമാതൃകയെ പ്രകാശിപ്പിച്ചശേഷം, സന്ന്യാസത്തിലും തന്റെ ജയക്കൊടി നാട്ടിത്തുടങ്ങി. ഇതിനേത്തുടർന്നു ഈ ഭാഗ്യവതിയുടെ എല്ലായിലും ഇളയ മകളും, ലോകം പരിത്യജിച്ചു, അമ്മയുടെ സഭാവാശ്രമത്തിൽതന്നെ പ്രസ്തുത സഭയുടെ ഉഗ്രതപസ്സുകൾക്കു തന്നെയും കയ്യാളിച്ചു സഭയിൽ പ്രവേശിച്ചു. അനന്തരം ഈ ഇരുപത്തേഴു വർഷക്കാലമായി ഈ മഹതി കഴിച്ചിട്ടുള്ള ജീവിതം സാക്ഷാൽ ആശ്ചര്യജനകമെന്നേ പറയേണ്ടതുള്ളു. വാർദ്ധക്യത്തിന്റെ സഹജമായ ആക്ഷീണതയെ ലവലേശം വകവെക്കാതെ സഭാനിയമപ്രകാരമുള്ള കൃത്തിന്നുടുത്ത പ്രവൃത്തികൾക്കു എപ്പോഴും ഓടിയെത്തിയിരുന്നു. വേലയിലും ജപധ്യാനത്തിലും സദാ തന്റെ സന്തോഷം കണ്ടെത്തിയിരുന്നതിനാൽ, അല്പനേരംപോലും ഒരിക്കലും നിഷ്പ്രയോജനമായി കളഞ്ഞിരുന്നില്ല. ശ്രേഷ്ഠത്തിയമ്മയുടെനേരെ ഉണ്ടായിരുന്ന കീഴ്വഴക്കവും, നിഷ്കളങ്കതയും, മറ്റു സഹോദരികളുടെനേരെ പ്രദർശിപ്പിച്ചിരുന്ന സ്നേഹമാധുര്യങ്ങളും, അതിശയിക്കത്തക്കവയായിരുന്നതായി പറയപ്പെടുന്നു. ഇതിലെല്ലാംപ്രധാനമായി ശിവരുടേയും ശ്രദ്ധയെ ആകർഷിക്കുമാറു ഈ ഭാഗ്യവതിയിൽ വിളങ്ങിയിരുന്നതു് അത്യഗാധമായ അവരുടെ എളിമയായിരുന്നു. തന്റെ കുലശ്രേഷ്ഠത ആദിയായ സമസ്തവും മറന്നു, മഠത്തിലുള്ള ഏറ്റവും എളിയ ഒരു ശുശ്രൂഷിയെപ്പോലെതന്നെ തന്നെ കരുതിയിരുന്നു. ദൈവതിരുമനസ്സിനുള്ള കീഴ്വഴക്കത്തിലും, ശുദ്ധ കുർബ്ബാനയിലുള്ള തന്റെ ദിവ്യമണവാളന്റെ നേരെയുള്ള സ്നേഹത്തിലും പ്രത്യേകിച്ചു പ്രശോഭിച്ചിരുന്നു. ഇപ്പോൾ കുറേനാളായി മരണം വഴിയായി ദൈവത്തോടു ഒന്നിക്കുന്നതിനുള്ള ആഗ്രഹം ക്രമാതീതമായി വർദ്ധിച്ചുവരികയായിരുന്നു. ഇതും, വാർദ്ധക്യത്തിന്റെ സഹ്യസാധാരണമായ ശരീരബലക്ഷയവുമല്ലാതെ, മരണഹേതുകമായി പറയത്തക്ക ദിനം യാതൊന്നുമുണ്ടായിരുന്നില്ല. ഇക്കഴിഞ്ഞ വൃശ്ചികം മുതൽക്കു ഏറക്കുറെ കിടപ്പിലായി; എന്നിട്ടും ദിവ്യക്രൂശാശകൾ പാടുപോലെ അടുക്കലടുക്കൽ കൈക്കൊണ്ടിരുന്നു. കടശി, അന്ത്യകാലം ആസന്നമായി വരുന്നതിനെക്കുണ്ട്, ഈശോ സഭയിലെ ബ. പട്ടക്കാരായ സ്വന്തമക്കളിൽ നിന്നുതന്നെ അന്ത്യക്രൂശാശകളൊക്കയും സുബോധത്തോടുകൂടെ കൈക്കൊള്ളുകയും ജനുവരി ൨൯- ചൊവ്വാഴ്ച കാലത്തു എട്ടുമണിക്കു ഭാഗ്യപ്പെട്ട തന്റെ ആത്മാവിനെ സപ്തഗ്രീക മണവാളന്റെ തൃക്കൈകളിൽ ഭരമേൽപ്പിക്കയും ചെയ്തു. ശവസംസ്കാരം പിറേറദിവസം ൪ മണിയോടുകൂടെ നടത്തപ്പെട്ടു. മംഗലാപുരം മെത്രാൻ എ. പെ. പെ. ബ. പോൾ പെരീനി അവർകൾ, പരേതയായ ഭാഗ്യവതിയുടെ ഇരുപുത്രന്മാരുടെ സഹായത്തോടുകൂടെ സംസ്കാരകർമ്മങ്ങൾ നിർവ്വഹിക്കയും, സ്ഥലത്തുള്ള മിക്ക വൈദികരും, വൈദിക വിദ്യാർത്ഥികളും, അനവധി ജനങ്ങളും സന്നിഹിതരായിരിക്കയും ചെയ്തു. ഇവരുടെ ആത്മാനുകൂലാർത്ഥം വിശ്വാസികൾ പ്രാർത്ഥിപ്പാറാകണമെന്നു അപേക്ഷിച്ചുകൊള്ളുന്നു. R. I. P.

വിശുദ്ധ കുർബ്ബാന.

വിശുദ്ധ കുർബ്ബാന എന്താകുന്നു? വിശുദ്ധ കുർബ്ബാന അപ്പത്തിന്റെ സാരാംശമെല്ലാം ൟശോമ്ശിഹായുടെ ശരീരവും വീഞ്ഞിന്റെ സാരാംശമെല്ലാം തന്റെ രക്തവുമായി അത്ഭുതമാംവണ്ണം കാ

തൽ ഭേദപ്പെട്ടു, നമ്മുടെ ആത്മപോഷണത്തിനായി അപ്പത്തിന്റെയും വീഞ്ഞിന്റെയും സാദൃശ്യങ്ങളിൽ നമ്മുടെ കർത്താവീശോമ്ശിഹായുടെ ശരീരവും രക്തവും ആത്മാവും ദൈവത്വവും സത്യമായിട്ടും യഥാർത്ഥമായിട്ടും വസ്തുതയായിട്ടും അടക്കിക്കൊള്ളുന്ന ഒരു ക്രമീകരണമാകുന്നു.

ഈ ലക്ഷണോക്തിയിൽ നാം കാണുന്നതുപോലെ നമ്മുടെ ദിവ്യരക്ഷകൻ അങ്ങേ തിരുശ്ശരീരവും രക്തവും അന്യവസ്തുക്കളുടെ സാദൃശ്യങ്ങളിൽ നമുക്കു ഭോജനമായി തരുവാൻ തിരുമനസ്സായതിന്റെ കാരണമെന്തു? വിശുദ്ധ സഭാപിതാക്കന്മാർ പഠിപ്പിക്കുന്നതുപോലെ തന്റെ അളവറ്റ ജ്ഞാനത്തേയും നമ്മുടെ നേരെയുള്ള തന്റെ അപരിമിതസ്നേഹത്തേയും വിശദീകരിക്കുന്നതായ മുഖാന്തരങ്ങൾ നിമിത്തമാണ്, അപ്രകാരം തരുവാൻ തിരുമനസ്സായത്. എന്തെന്നാൽ, ഒന്നാമത്തേ. കർത്താവു അങ്ങേ തിരുശരീരത്തേയും തിരുരക്തത്തേയും അവയുടെ സ്വാഭാവിക രൂപത്തിലും ഭാഷയിയും നമുക്കു ഭക്ഷിപ്പാൻ തന്നിരുന്നെങ്കിൽ സ്വഭാവവിരുദ്ധം നിമിത്തം, നാം ഒരു ദിവ്യവിരുന്നിനു ക്ഷണയാതെ, കുപ്പർനാഹോം നഗരവാസികളെപ്പോലെ അരോചകവും ഭയവുംപൂണ്ടു പിന്നോക്കം പോകുമായിരുന്നു. രണ്ടാമത്തേ, നാം കണ്ണുകൊണ്ടതന്നെ കാണാതിരുന്നാലും തന്റെ തിരുവചനങ്ങളിൽ വിശ്വസിച്ചുകൊണ്ടു ക്രിയാത്മകമായ പുണ്യയോഗ്യത സമ്പാദിക്കുന്നതിനുള്ള അവസരം നമുക്കു സിദ്ധിപ്പാൻവേണ്ടിയത്രേ. മൂന്നാമത്തേ. നമ്മുടെ ഈ വിദേശയാത്രയിൽ വിശ്വാസം വഴിയായിട്ടല്ലാതെ പ്രത്യക്ഷമായി തന്നെ കാണ്മാൻ നമുക്കു സാധിക്കയില്ലെന്നും തന്നിമിത്തം നമ്മുടെ സാക്ഷാൽ സ്വദേശമായ മോക്ഷരാജ്യത്തിൽ അങ്ങേ അഭിമുഖമായും മറവൊന്നുംകൂടാതെയും കണ്ടാനന്ദിപ്പാൻ തക്കവണ്ണം സദാ അഗ്രഹിച്ചുകൊണ്ടു നമ്മുടെ ജീവിതത്തെ നയിക്കേണ്ടതാണെന്നു നമ്മെ ഓർമ്മപ്പെടുത്തുന്നതിനുവേണ്ടിട്ടുമാണ്.

ഇനി നമ്മുടെ ദിവ്യരക്ഷകൻ മറ്റു സാധനങ്ങളെ അപേക്ഷിച്ചു, കോതമ്പപ്പത്തേയും മുന്തിരിങ്ങാ രസത്തേയും തിരിഞ്ഞെടുത്തതിന്റെ പരമോദ്ദേശ്യത്തെപ്പറ്റി നാം ചിന്തിക്കുന്നുവെങ്കിൽ, വിശുദ്ധ കുർബ്ബാനയുടെ സ്വഭാവത്തേയും ഫലങ്ങളേയും വ്യക്തമായി കാണിക്കുന്നതിനു ഈ സാധനങ്ങളെത്തന്നെയും ഉപയുക്തങ്ങളാണെന്നു ഗ്രഹിക്കാവുന്നതാണ്.

എങ്ങിനെയെന്നാൽ ക) ശരീരപോഷണത്തിനായി മനുഷ്യർ ഉപയോഗിക്കുന്ന ഭോജ്യപദാർത്ഥങ്ങളിൽവെച്ചു കോതമ്പപ്പവും മുന്തിരിങ്ങാ രസവും എത്രയും ശ്രേഷ്ഠമായുള്ളതും വിശേഷപ്പെട്ടതുമാകുന്നതുപോലെ ശുദ്ധ കുർബ്ബാനയിൽ ഇരിക്കുന്ന ഒരുശോമ്ശിഹായുടെ ശരീരവും രക്തവും നമ്മുടെ ആത്മാവിനു എത്രയും ബലപ്രദവും വിശിഷ്ടവുമായ ആഹാരമാകുന്നു എന്നു ലക്ഷ്യപ്പെടുത്തുന്നു. ഇതിനാൽ ഒരുശോമ്ശിഹാ ഇപ്രകാരം അരുളിച്ചെയ്യുന്നു. "എന്റെ മാംസം സത്യമായിട്ടു ഭോജനവും എന്റെ രക്തം സത്യമായിട്ടു പാനീയവും ആകുന്നു. എന്റെ മാംസം ഭക്ഷിക്കുയും എന്റെ രക്തം പാനം ചെയ്യുയും ചെയ്യുന്നവൻ എന്നേക്കും ജീവിക്കും,, വി.യോഹന്നാൻ അ൯. വാ. ൬൪.

ഖ.) അപ്പത്തിനും വീഞ്ഞിനും വേറൊരു വിശേഷത ഉള്ളതു, ശു. കുർബ്ബാനയിൽ ഈശോമ്ശിഹായുടെ ശരീരവും രക്തവും ഉണ്ടെന്നുള്ള സത്യത്തെ നമുക്കു ബോധ്യം വരുത്തുന്നതിനു ഉപകരിക്കുന്നതാണ്. എങ്ങിനെയെന്നാൽ അപ്പവും വീഞ്ഞും അവയെ അനുഭവിക്കുന്നവന്റെ ശരീരവും ചോരയുമായി മാറുന്നുണ്ടെന്നുള്ളതു്, പ്രതിദിനം കണ്ടുവരുന്നസംഭവമാണല്ലൊ. ആയതുകൊണ്ടു വിശുദ്ധ കുർബ്ബാനയിൽ അപ്പവും വീഞ്ഞും കർത്താവിന്റെ ശരീരവും ചോരയുമായി മാറുന്നുവെന്നുള്ള വിശ്വാസത്തെ നമ്മിൽ ജനി

പ്പിച്ചു കാക്കുന്നതിനു പ്രസ്തുതമാറ്റം ഉതകുന്നു ഒന്നാണ്. വിശേഷിച്ചും വിശുദ്ധ കുമ്പായിൽ അപ്പവും വീഞ്ഞും മ്ശിഹായുടെ ജഡവും രക്തവുമായി പകരുന്നതുപോലെ, ഒരു ക്രൂദാശയെ യൊഗ്യമാംവണ്ണം ഉൾകൊള്ളുന്ന ആത്മാവിൽ മ്ശിഹായുടെ ജീവിതത്തിനു അനുരൂപമായ ഒരു പുതിയ ജ്ഞാനജീവിതം ഉളവാകയും ചെയ്യുന്നുണ്ടു എന്നു ക്രടി പ്രസ്തുത മാറ്റം സാദ്ധ്യപ്പെടുത്തുന്നു.

൩). വിശുദ്ധ കുമ്പാനയിൽ നിറവേറുന്ന സ്നേഹരഹസ്യത്തേയും ഇതിന്റെ സ്ഥാപനത്തിൽ കർത്താവു കരുതിയ പരമൈക്യതയേയും പ്രസ്തുത സാധനങ്ങൾ ഉചിതമായി കാണിക്കുന്നുണ്ടു. എന്തുകൊണ്ടെന്നാൽ, അപ്പം അനേകം കോതമ്പുമണികളിൽനിന്നും വീഞ്ഞു അനേകം മുന്തിരിങ്ങാപ്പഴങ്ങളിൽ നിന്നും ഉണ്ടാക്കപ്പെട്ടതുപോലെ ഈ ക്രൂദാശയെ കൈക്കൊള്ളുന്നവർ പലരായിരുന്നാലും ഉപവിയുടെ ഐക്യതയാൽ മിശിഹായിൽ ഒരു ശരീരമായിത്തീരുന്നു.

൪) അപ്പവും വീഞ്ഞും നമ്മുടെ ദിവ്യരക്ഷകൻ നമുക്കുവേണ്ടി ചെയ്തും അനുഭവിച്ചതുമായ സമസ്യക്രൂങ്ങളേയും നമ്മെ അതിശയമാംവണ്ണം ഓർമ്മപ്പെടുത്തുന്നു. എങ്ങിനെ എന്നാൽ അപ്പം ഉണ്ടാകണമെങ്കിൽ കോതമ്പുമണി ആദ്യമെ മണ്ണിൽവീണു മുളച്ചു വളരുകയും പലതണ്ടായി പൊട്ടിച്ചിനയ്ക്കുകയും വീളയുന്നതിനുമുമ്പു ശീതോഷ്ണം മുതലായ കാലഭേദങ്ങൾക്കു കീഴ്പ്പെടുകയും കടശി കോതമ്പു പൊടിച്ചു അട്ടപ്പിൽവെച്ചു ചുടപ്പെടുകയും ചെയ്യണ്ടതാവശ്യമാണ്. വീഞ്ഞുണ്ടാകുന്നതും ഏകദേശം ഈ വിധമാറ്റങ്ങൾക്കെല്ലാം കീഴ്പ്പെട്ടാണ്. നമ്മുടെ ദിവ്യരക്ഷകൻ തന്റെ ഈ സ്നേഹത്തിന്റെ ക്രൂദാശയിൽ നമ്മുടെ ആത്മിക ഭോജനവും പാനവും ആയിത്തീരേണ്ടതിനു താൻ മാനുഷ്യനായി പിറക്കയും അരിഷ്ടതയുള്ള ഒരു ജീവിതം കഴിക്കയും കടശി വളരെ ദുഃഖാനുഭവങ്ങളും പാടു വീഡ്ഢകളും സഹിച്ചു മരിക്കയും ചെയ്തെണ്ടതാവശ്യമായിരുന്നു എന്നു പ്രസ്തുത സാധനങ്ങൾ പ്രത്യക്ഷമായി കാണിക്കുന്നു.

ഫാദർ .ഫ്രാ.ഡ

ശുദ്ധീകരണസ്ഥലത്തിലെ വേദന.

ശുദ്ധീകരണസ്ഥലത്തിലെ വേദന നിത്യമായിട്ടുള്ളതല്ലാ എന്നതു നിശ്ചയമാകുന്നു. അല്ലെങ്കിൽ ശുദ്ധീകരണസ്ഥലം ഒരുവിധത്തിൽ നരകംതന്നെ ആയിരിക്കും. കടശി വിധിയുടെശേഷം ശുദ്ധീകരണസ്ഥലം ഉണ്ടാകയില്ല. എന്തെന്നാൽ കടശി വിധിദിവസം കഴിഞ്ഞിട്ടു സകലരും നിത്യഭാഗ്യമുള്ളവർ അഥവാ നിത്യനിർഭാഗ്യർ ആകുന്നതാണ്. ശുദ്ധീകരണസ്ഥലത്തിലെ വേദനകൾ എല്ലാവർക്കും ഒരുപോലെ കഠിനമുള്ളതും ദീർഘമുള്ളതും എന്നു വിചാരിക്കേണ്ടതല്ല. എന്തുകൊണ്ടെന്നാൽ ഓരോരുത്തരുടെ കുറ്റങ്ങൾ വ്യത്യാസപ്പെട്ടിരിക്കുന്നതുപോലെ അവസ്സുള്ള ശിക്ഷകളും വ്യത്യാസമുള്ളവയായിരിക്കേണ്ടതാണ്. എല്ലാവരും താന്താങ്ങൾക്കു യോഗ്യമായിരിക്കുന്ന ശിക്ഷക്കു തക്കവണ്ണം ശുദ്ധീകരണസ്ഥലത്തിൽ വേദന അനുഭവിക്കേണ്ടതായിവരും. ഓരോരുത്തരുടെ വേദനകൾ അവരവരുടെ കുറ്റങ്ങൾക്കും വീട്ടേണ്ടിയ പരിഹാരകടത്തിനും തക്കവണ്ണമായിരിക്കും. ന്യായാധിപതി, പാവിയെ കാരാഗൃഹത്തിൽ ഇട്ടടയ്ക്കുകയും കടശിക്കാശ്രുത്തരിക്കുന്നതുവരെ അവനവിടെ കിടക്കേണ്ടിവരികയുംചെയ്യുമെന്നു നമ്മുടെ കർത്താവു രീച്ച്യായി നമ്മോടു അരുളിച്ചെയ്യുന്നു. ദിവ്യന്യായാധിപനാൽ മോക്ഷഭാഗ്യത്തിനായി നിശ്ചയിക്കപ്പെട്ടവർ ശുദ്ധീകരണസ്ഥലത്തിൽ കിടന്നു അല്പാല്പ കുറ്റങ്ങൾക്കുപോലും ഉത്തരിക്കേണ്ടിയതായിരിക്കയാൽ അവരുടെ ഉത്തരിപ്പുകാലം ചുരുങ്ങിയതായിരിക്കയില്ല. കാർഡിനൽ ബെല്ലർമിൻ പറിപ്പിക്കുന്നതായതു്: ശുദ്ധീകരണസ്ഥലത്തിലെ വേദനകൾ ഭി

ല ആത്മാവുകൾക്കു പത്തുവർഷവും ഇരു പതുവർഷവും എന്നല്ല, നൂറുവർഷവും ആ യിരംവർഷവും ദീർഘിക്കുമെന്നു് ധൈര്യ മേതും ഞാൻ പറയുന്നു. പല നൂറാണ്ടു കളായി മരിച്ചിരിക്കുന്ന ആളുകളുടെ ഓമ്മ യെ ശ്ലോഷിച്ചുവരുന്ന തിരുസ്സഭയുടെ മുറ കളിൽനിന്നും ഈസത്യം സ്പഷ്ടമാകുന്നുണ്ടു.

ശുദ്ധീകരണസ്ഥലത്തിൽ കിടന്നു ക ഷ്ടപ്പെടുന്ന ആത്മാവുകൾക്കു മോക്ഷഭാ ഗ്യത്തിന്മേലുള്ള അത്യാശ മുഖാന്തിരം ഒ രു മണിക്കൂറു ഒരു സംവത്സരമായി അ വർക്കു തോന്നും. എന്നല്ല ചില ആത്മാവു കൾക്കു ഒരു മണിക്കൂറു ഒരു യുഗമായി തോന്നിയിട്ടുണ്ടെന്നു ചരിത്രങ്ങളിൽനി ന്നു അറിയുന്നു. തെരിഞ്ഞെടുക്കപ്പെട്ടവ രുടെ ആത്മാവുകളെ ഇത്ര ദീർഘമായി ദൈവനീതി ശിക്ഷിക്കുന്നതിനേക്കുണ്ടു ന മുക്കു അതിശയം തോന്നുന്നെങ്കിൽ, മനു ഷ്യർ തങ്ങളുടെ ജീവിതകാലത്തിൽ ഏ തുമാത്രം പരിഹാരക്കടത്തോടുകൂടെയാ ണു് പരലോകത്തിലേക്കു പോകുന്നതെ ന്നു നാം ഓർക്കേണ്ടിയിരിക്കുന്നു. സാമാ ന്യമായി ക്രിസ്ത്യാനികൾ എത്ര കുറ്റമാ ണു ദിവസേന ചെയ്യുവരുന്നതു്! ഒരു വിധം ഭക്തിയായി ജീവിക്കുന്ന ഒരു ക്രി സ്ത്യാനി ദിവസേന പത്തുകുറ്റംവീതം ചെയ്യുന്നു എന്നു വിചാരിക്ക. ആസ്ഥിതി ക്കു ഒരാണ്ടാകുമ്പോൾ മുന്നൂറു കുറ്റങ്ങ ളാകും. പത്താണ്ടാകുമ്പോൾ മുന്നൂറു കുറ്റങ്ങളും ഇരുപതു വർഷമാകുമ്പോൾ രണ്ടായിരം കുറ്റങ്ങളുമുണ്ടാകും. ജീവിത കാലത്തിൽ ഈ കുറ്റങ്ങളെ പരിഹ രിക്കയില്ലെങ്കിൽ എത്രയോ ദീർഘനാൾ ശുദ്ധീകരണസ്ഥലത്തിൽ ദുരിതപ്പെടേ ണ്ടിവരും. എന്നാൽ ഇങ്ങനെ ഭക്തിയാ യി ജീവിക്കുന്നവർ എത്രപേരുണ്ടാകും. അനേക ആളുകളും ദിവസേന അസം ഖ്യം പാപദോഷങ്ങളെ ചെയ്യുവരുന്നു. എന്നുമാത്രമല്ല ചിലപ്പോൾ പാപദോ ഷങ്ങളേ ചെയ്യുകയും ദൈവേഷ്ടപ്രസാ ദംകൂടാതെ അവരുടെ ജീവിതകാലത്തി ന്റെ ഒരു വലിയഭാഗം ചിലവഴിക്കുകയും ചെയ്യുന്നു. ഇങ്ങനെ ദൈവേഷ്ടപ്രസാ ദം കൂടാതെ അവരുടെ സൽപ്രവൃത്തിക ളെ ചെയ്യുന്നതിനാൽ നിത്യസമ്മാന ത്തിനു യോഗ്യതയില്ലാതെ തീരുന്നു. കു റ്റങ്ങളുടെ പരിഹാരം ഈലോകത്തി ൽവച്ചു് എത്രയും എളുപ്പമായി നമുക്കു സാധിപ്പാൻ പാടുണ്ടു്. എന്നാൽ നമ്മു ടെ ഉദാസീനത നിമിത്തം അവയെ ഇ ഹത്തിൽവെച്ചു പരിഹരിക്കാതെ ഇരി ക്കുന്നതായാൽ പരലോകത്തിൽ അത്യു ഗ്രമായ ബാധകളെ അനുഭവിച്ചുകൊണ്ടു അവയെ പരിഹാരം ചെയ്യേണ്ടതായി ട്ടാണു് ദൈവം തീരുമാനിച്ചിരിക്കുന്നതു്.

ദൃഷ്ടാന്തം.

കുരിശിന്റെ പൌലോസ് എന്ന പുണ്യവാൻ, തഴക്കമായ ചില അല്പ കു റ്റങ്ങളേക്കുറിച്ചു് ഒരു നല്ലപട്ടക്കാര നോടു ഉപദേശിച്ചെങ്കിലും, ആ പട്ട ക്കാരൻ ആ കുറ്റങ്ങളെ തിരുത്താതെ മ രിച്ചു. മരിച്ചിട്ടു് കാൽ മണിക്കൂറു കഴി ഞ്ഞപ്പോൾ അദ്ദേഹം വിശുദ്ധ പൌ ലോസിനു പ്രത്യക്ഷപ്പെട്ടു നിലവിളിച്ചു പറഞ്ഞതായതു്: "ഞാൻ, രാത്രി കാൽ മണിക്കു മരിച്ച ആ പട്ടക്കാരന്റെ ആ ത്മാവാകുന്നു. അങ്ങിനു തിരുത്തുന്നതി നായി എന്നോടു ഉപദേശിച്ച ആ കുറ്റ ങ്ങൾക്കുവേണ്ടി ശുദ്ധീകരണസ്ഥലത്തിൽ ഞാൻ കഠോരമായ വേദന അനുഭവി ക്കുന്നു. ഓ! ഞാൻ എത്രയൊ അധിക മായി പാടുപെടുന്നു! ഈ അഗ്നിക്കായ ലിൽ വന്നിട്ടു ആയിരം വർഷമായതുപോ ലെ ഇനിക്കു തോന്നുന്നു!! വി. പൌലോ സ് മണിനോക്കി, മരിച്ചിട്ടു ൧ മണിക്കൂ റു മാത്രമെ ആയൊള്ളു എന്നറിഞ്ഞു. ആ യിരം വർഷമായി എന്നു വീണ്ടുംവീണ്ടും ആ പട്ടക്കാരൻ പറഞ്ഞുകൊണ്ടു പുണ്യ വാന്റെ അപേക്ഷകളേയും സൽകൃത്യ ങ്ങളേയും യാചിച്ചു. വി. പൌലോസ് എഴുന്നേറ്റു രാവുമുഴുവനും തപഃപ്രവൃ ത്തികളിൽ ചിലവഴിച്ചു. ഇതിനാൽ ഉ ച്ചയ്ക്കു മുമ്പു അപേക്ഷ കേൾക്കപ്പെട്ടമെ ന്നു ദൈവം അദ്ദേഹത്തോടു അറിയിച്ചു കൊടുത്തു. രാവിലെ ദിവ്യപൂജ അണ പ്പാൻപോയി. ആ പൂജയുടെ അവസാ നത്തിൽ, മരിച്ചപട്ടക്കാരന്റെ ആത്മാവു മഹാ വലിയപ്രകാശത്തോടെ പറുദീസാ യിലേക്കു കരേറിപ്പോകുന്നതിനെ മഹാ ആനന്ദത്തോടെ വി. പൌലോസ് കണ്ടു.



തിരുഹൃദയ ഭക്തന്മാർ

ഈ മീനമാസത്തിൽ ചെയ്യേണ്ട

പ്രധാന കാര്യങ്ങൾ.

ക്രിസ്ത്യാനിക്കുട്ടത്ത ആശാനിഗ്രഹം.

നിത്യരക്ഷ പ്രാപിക്കുവാൻ ആഗ്രഹിക്കുന്നവരേവരും തങ്ങളുടെ ദുരാശകളെ യഥോചിതം നിഗ്രഹിക്കേണ്ടത് അത്യാവശ്യമാണ്. എന്തുകൊണ്ടെന്നാൽ അതു പ്രാപിക്കുന്നതിനു നമ്മെ അപ്രാപ്തരാക്കിത്തീർക്കുന്ന പാപത്തിന്റെ വിത്തു ദുരാശകളല്ലാതെ വേറൊന്നുമല്ല. നമ്മുടെ ആദ്യമാതാപിതാക്കളുടെ പാപത്തിന്റെ നശീകര ഫലങ്ങളിൽ ഒന്നായി നമുക്കു കിട്ടിയിരിക്കുന്ന ഈ പാപവിത്തുകളെ ഹരിക്കുന്നതിനാണ് നാം അത്യുത്സാഹത്തോടെ പരിശ്രമിക്കേണ്ടത്. ഇങ്ങനെയുള്ള പരിശ്രമത്തിൽ പലേവിധത്തിലും കഷ്ടപ്പാടുകൾ സഹിക്കേണ്ടതായി വരുമെന്നുള്ളതിനു സംശയമില്ലല്ലൊ. എങ്കിലും അതു ക്ലേശിയില്ലാത്ത വേലയായി പോകയില്ലെന്നുള്ള ബോധം നമ്മെ അതിലേക്കു പ്രേരിപ്പിക്കേണ്ടതാണ്. കൂടാതെ ക്രിസ്ത്യാനികൾക്കു, അത്യുത്തമമായ വിധത്തിൽ തന്നെ പരിത്യജിച്ചു ഈലോകജീവിതത്തെ കഴിച്ച തങ്ങളുടെ നിത്യഗുരുവായ മിശിഹായെ അനുഗമിക്കുന്നതിനു ഒരു പ്രത്യേക പുണ്യലക്ഷ്യത്തെയും ഉള്ളതാണല്ലൊ. ആകയാൽ ദുരാശാനിഗ്രഹം എല്ലാവരുടേയും പ്രത്യേകം ക്രിസ്ത്യാനികളുടെയിടയിൽ പ്രബലപ്പെടുന്നതിനു തിരുഹൃദയ ഭക്തന്മാർ ഈ മാസത്തിൽ പ്രത്യേകമായി പ്രയത്നിക്കേണ്ടിയിരിക്കുന്നു.

ലോകവർത്തമാനച്ചുരുക്കം.

ആഫ്രിക്കായുടെ തെക്കുഭാഗത്തുള്ള കാടുകളിൽനിന്നു ക്രൂട്ടനിയെന്നു പേരായ ഒരു കപ്പിത്താൻ ഒരു കാട്ടുമനുഷ്യനെ പിടിച്ചുലണ്ടനിൽ കൊണ്ടുപോയിരിക്കുന്നു. ഈ വനത്തിൽ കാട്ടുമനുഷ്യർ ഇനിയുമുണ്ടെന്നാണു അറിയുന്നതു്.

സ്ഥലത്തെ (മാന്നാനം) മാർ അപ്രേം ഫൈസ്റ്റൽഡെ' ആഘോഷം ഇപ്രാവശ്യം ഫെബ്രുവരി ആറാംതീയതി പ്രസ്തുത സ്റ്റൂൾ ഫാളിൽവെച്ചു കോട്ടയം സെഷ്യൻജഡ്ജി പി. ജെ. വറുഗീസ് ബി. എ. ബി. എൽ. അവർകളുടെ അദ്ധ്യക്ഷത്തിൽ നടത്തപ്പെട്ടുന്നതാണ്.

നി. വ. ദി. ശ്രീ ചങ്ങനാശേരി വി. അപ്പസ്തോലിക്കാ ഡോക്ടർ തോമസ് കുഴിവേലിച്ചിറ അവർകളുടെ കീഴക്കൻപള്ളി സന്ദർശനാവസരത്തിൽ മേവിടെ കുരിശുപള്ളിയിൽനിന്നു തോടനാൽ പള്ളിയിലേക്കുള്ള യാത്രാമദ്ധ്യേ പ്രസിദ്ധരായ മീനച്ചിൽ കുത്താക്കന്മാരുടെ വംശജനും കരപ്രഭുവും മഹാമനസ്കനും ധനാഢ്യനുമായ മേവിടകിഴക്കേടത്തു മഠത്തിൽ കുഞ്ഞനുജൻ കുത്താവു അവർകളുടേയും, അവിടേയുള്ള നായന്മാരുടേയും പ്രത്യേക ഉത്സാഹത്താൽ പുലിയന്നൂർ, വാഴൂർറോട്ടിനു സമീപം അതികമനീയമായവണ്ണം കെട്ടി അലങ്കരിച്ചിട്ടുണ്ടായിരുന്ന പൂപ്പന്തലിൽ മെത്രാനവർകൾ ക്ഷണനേരം പ്രവേശിച്ചു അവിടെ തയ്യാറാക്കപ്പെട്ടിരുന്ന പ്ലാറ്റുഫാറത്തിൽ ഉപവിഷ്ടനാകയും തദവസരത്തിൽ അദ്ദേഹത്തിനു ഒരു മംഗളപത്രം സമർപ്പിക്കപ്പെടുകയും ചെയ്തശ്ശേഷം പ്രസ്തുത മംഗളപത്രത്തിൽ, പാലാ വലിയപള്ളി സ്ഥാപിക്കുന്നതിനു അക്കാലത്തു ജീവിച്ചിരുന്ന ഈ കുഞ്ഞനുജൻ കുത്താവിന്റെ പൂർവ്വികരായ മീനച്ചിൽകുത്താക്കന്മാർ, വേണ്ട സഹായങ്ങൾ എല്ലാം ചെയ്തിട്ടുണ്ടെന്നും മറ്റും പ്രസ്താവിച്ചിരുന്നു.

തിരുവിതാംകോട്ടെ ഇപ്പോഴുണ്ടത്തെ പ്രജാസഭ, കഴിഞ്ഞകൊല്ലങ്ങളെ അപേക്ഷി

ച്ചു വിജയകരമായിട്ടാണ അവസാനിച്ചിരിക്കുന്നത്. കടത്തുചുങ്കം നിറുത്തൽചെയ്തിരിക്കുന്നതായി ചീഫ് സെക്രട്ടറിയവർകൾ സഭയിൽ വിളംബരം ചെയ്തത പ്രകൃകം പ്രസ്താവയോഗ്യമാണ്.

സ്പെയിനിൽ ജപ്പാൻ മനിഷ്യപമായി അയക്കപ്പെട്ടിരുന്ന പ്രഭുവിന്റെ കുമാരൻ ബാറൻമൊറാനൊ എന്ന യുവാവ് കഴിഞ്ഞ മുമ്പ ക്രിസ്തുമതം സ്വീകരിച്ചു മാമ്മോദീസാ മുങ്ങുകയും ട്ടൊക്കിയൊ പട്ടണത്തിലുള്ള ഒരു ദേവാലയത്തിൽ വെച്ചു ആദ്യമായി വിശുദ്ധകുർബാന ഉൾക്കൊള്ളുകയും ചെയ്തിരിക്കുന്നു.

നി. വ. ദി. ശ്രീ കെയ്യാളച്ചേരിൽ മാർ തോമ്മാമെത്രാനവർകൾ കഴിഞ്ഞ ക-ാംനു- സ്ഥലത്തെ ആശ്രമത്തിൽ സപരിവാരം വന്ന രണ്ടുദിവസം ഇവിടെ താമസിച്ചു മടങ്ങുകയുണ്ടായി. തദവസരത്തിൽ ൨൦൦ ളം കുട്ടികൾക്ക സ്ഥൈര്യലേപനംകൊടുത്തു. ക്രൂടാതെ കൊൺസ്റ്റന്റൈൻ വിജയിയായി തീന്നശേഷം ക്രിസ്തുമതത്തിനു സ്വാതന്ത്ര്യം നൽകിയതിന്റെ കന്നു-ാം ശതാബ്ദജൂബിലിസ്മാരകമായി ഇവിടെ പണിയിച്ചിട്ടുള്ള അലംകൃതമായ കുരിശുകപ്പേളയെ ആശീർവദിക്കയും വി. യൌസേപ്പിന്റെ വിശേഷമായ ഒരു വലിയ കൊത്തുരൂപം അതിൽ സ്ഥാപിക്കയും ഉണ്ടായി.

മുത്തോലപുരത്തുനിന്നു ഒരാൾ എഴുതുന്നത്- ഇപ്പോൾ പള്ളിയും പട്ടക്കാരും വർദ്ധിച്ചുവരണമെന്നുള്ള നമ്മുടെ പരിശുദ്ധ പിതാവു പത്താം പീയുസ് മാപ്പാപ്പാ തിരുമനസ്സിലെ ആഗ്രഹം പ്രായേണ സാധിച്ചുവരുന്നകൂട്ടത്തിൽ ഇതാ ഇപ്പോൾ ബ. പള്ളിക്കാപ്പറമ്പിൽ പൌലോസച്ചൻ അവർകളുടെ പരിശ്രമഫലമായി ക്രൂ ഒരു പള്ളി പണിയിക്കയും കഴിഞ്ഞ വ-ാനു- ശനിയാഴ്ച പലവിധ ആഘോഷങ്ങളോടുകൂടെ അവിടെ നവമായി കുർബാന ചൊല്ലുകയും ചെയ്തിരിക്കുന്നു. ഫ. പെ. പെ. ബ. മെത്രാനച്ചന്റെ ആജ്ഞാനുസരണം എലഞ്ഞി, മുത്തോലാപുരം ഈ പള്ളികളിലെ വെള്ളികുരിശു, പൊൻകുരിശു, ദശനം ആദിയായ സകല സാമാനങ്ങളോടുംകൂടി പുതിയപള്ളിയിലേക്ക ഒരു ഘോഷയാത്ര ഉണ്ടായതു പ്രത്യേകം പ്രസ്താവയോഗ്യമാണ്. തദവസരത്തിൽ മാന്യനും കൊൺവെൻഷനിൽനിന്നും ഡെപ്യുത്താർ ജനറാൾ പെ. ബ. കൊച്ചുചാണ്ടിയച്ചൻ അവർകളും സന്നിഹിതനായിരുന്നു. പ്രദക്ഷണശേഷം അജ്ഞാനികളായിരുന്ന അനേകം പുലയരെ സത്യതിരുസ്സഭയിലേക്ക സ്വീകരിക്കയും അവക്ക മുണ്ട്, മുറി, ചട്ട മുതലായവകൾ കൊടുക്കയും ലഘു ചെയ്തു കഴിഞ്ഞപ്പോഴേക്ക മണി ൧൨ അടിച്ചു. അതിന്റെശേഷം ആളുകൾ എല്ലാവരും സ്വഗൃഹങ്ങളിലേക്ക പിടങ്ങി. ഞായറാഴ്ചമുതൽ ബ. പള്ളിക്കാപ്പറമ്പിൽ പൌലോസച്ചൻ അവർകൾ കുർബാന ചൊല്ലി അവിടെ (ക്രൂ) താമസിച്ചുംകൊണ്ട അനേകം അജ്ഞാനികളെ സത്യതിരുസ്സഭയിലേക്ക സ്വീകരിച്ചുവരുന്നു. പ്രൊട്ടസ്റ്റാണ്ടുകാർ ഒരു പള്ളിയും, പള്ളിക്കൂടവും നടത്തിവരുന്നതായ ഈ സ്ഥലത്തു ഈ വന്ദ്യപുരോഹിതൻ ഇങ്ങനെ ഒരു പള്ളി പണിയിച്ചതു അദ്ദേഹത്തിന്റെ അസാധാരണമായ നൽമനസ്സിന്റേയും, പരിശ്രമത്തിന്റേയും ഫലമാണെന്നു പറയേണ്ടതില്ലല്ലൊ.

കല്ലുക്കാട്ടപള്ളി ഇടവകക്കാരനും ടി. പള്ളിയുടെ ഫോറോനാവികാരിയും, നി. വ. ദി. ശ്രീ കുരിയാളശ്ശേരിൽ മാർ തോമ്മാമെത്രാനവർകളുടെആലോചനക്കാരനുമായിരുന്ന വ. ദി. ശ്രീ. കുന്തുകുളത്തിൽ ഈനാസികത്തനാരവർകൾ ഈ കഴിഞ്ഞ വ-ാനു- അന്ത്യക്രൂദാശകളൊക്കയും കൈക്കൊണ്ടു തന്റെ ആത്മാവിനെ സ്രഷ്ടാവിന്റെ കരങ്ങളിൽ ഭദ്രമായി ഏല്പിച്ചിരിക്കുന്നു. മരണസമയത്തു മെത്രാനവർകളും സന്നിഹിതനായിരുന്നു. ഒരുത്തമ പട്ടക്കാരനു ആവശ്യം വേണ്ട എല്ലാ ഗുണങ്ങളുടേയും, നിധിയായിരുന്ന ഈ വന്ദ്യപുരോഹിതന്റെ വേർപാടു ഒരു വല്യ നഷ്ടം തന്നെയായിരിക്കുന്നു.

ക. നി. മൂ. സ. രണ്ടാം ഡെപ്യുത്താർ ജനറാൾ പെ. ബ. ക്രിസോസ്തോമോസച്ചന്റെ വയോവൃദ്ധയായ മാതാവു കഴിഞ്ഞമാസം ക-ാംനു- അന്ത്യക്രൂദാശകളൊക്കയും കൈക്കൊണ്ടു മരണം പ്രാപിച്ചിരിക്കുന്നു.

ഇവരുടെ ആത്മാനുക്രമത്തിനായി വിശ്വാസികൾ പ്രാർത്ഥിപ്പാറാകണം.

മാന്വികാവരിപ്പണം ഭടപ്പുവരുടെ പേരുവിവരം.

ഒരു രൂപാവിതം

മ. രാ. രാ. അവർകൾ,

ചിറമേൽ ഈതനിത്തരകൻ, നി. വ. ദി. ശ്രീ മേനാച്ചേരിൽ തൊമ്മനാൻ മെത്രാച്ചൻ, ബ. ഉങ്കൻ ഗീവറ്ഗീസച്ചൻ, കല്ലിടയ്ക്കൽ ഇട്ടിയച്ചൻ മാന്നി, വല്ലിക്കല വെട്ടുള്ളി പാവുണ്ണി, ബ. പുതുശ്ശേരി അന്തോനിയച്ചൻ, ബ. കുശാലായിൽ തോമ്മനച്ചൻ, കരിയാട്ടി പൈലി ഔസേപ്പ്, ബ. സെബാസ്ത്യർ ചീരൻമാൻ പാലി, ഉത്തുമാലിൽ മാർക്കോ, ബ. പുത്തൻമഠത്തിൽ കുഞ്ഞാക്കോച്ചൻ, പുതുശ്ശേരിൽ ഔസേപ്പ്, M. Rozario. Depot agent, പെരുമാലിൽ കോര, കൈതപ്പുഴയിൽ വടക്കുഞ്ഞാലിൽ കുരുവച്ച മോസ്സ്യാ, ബ. വടശ്ശേരി യാക്കോച്ചൻ, ബ. നടുപ്പറമ്പിൽ ഗീവറ്ഗീസച്ചൻ, വല്ലാത്ത മാത്ത മോസ്സ്യാ, ബ. നടുപ്പറമ്പിൽ കുന്നൻ തോമ്മാച്ചൻ, ബ. വി. ഡി. തൊമ്മാച്ചൻ, പി. ഡി. വറുഗീസ്, മലിയപ്പുറത്തു വക്കി മണി, ബ. മഠത്തുംഭാഗത്തിൽ യാക്കോച്ചൻ, പീച്ചാ പൌസേപ്പ് കുഞ്ഞൻ, മലിയപ്പുറത്തു മാക്കോവക്കി, മലിയപ്പുറത്തു തൊമ്മി വറിയത്, നടുക്കര തൊമ്മി ഔസേപ്പൻ, കൊഴുപ്പുള്ളി യാക്കോവക്കി, ബ. കക്കാലക്കൽ തോമസച്ചൻ. പുതിയപീടിക പൌലൂ, കുന്നേൽ ഔസേപ്പ്, ഏറത്തു വീട്ടിൽ തോമ, വിച്ചൻ പൌലോസ്,

ചില വാക്യം.

ബ. ഇ. പൌലോസ് ഫ. ശു., ബ. തേനാച്ചേരിൽ ഇഗ്നാസിയസച്ചൻ ശു., ബ. ചിറയത്തു യോഹന്നാനച്ചൻ ഫ. ശു., കല്ലുവഴിക്കൽ വക്കി ബ. ഫ്രാ. കാ. ഴ. പുതുക്കേക്കുന്നി പൌലോസ് ബ. ഫ്രാ. കാ. ഫറ. ഇട്ടിയപ്പാപ്പിൽ പൌത്തേ ഔസേപ്പ് ഫ. ശു. ബ. ഫ്രാ. കാ. ഫറ. ബ. കൊച്ചുപുത്തൻപുരയ്ക്കൽ ഔസേപ്പച്ചൻ ഫ. ശു. ബ. ഫ്രാ. Silestian Furitto ഫ. ശു. ബ. ഫ്രാ. ഫ്രാ. കാ. സ. Rev. Fr. Augustian Conception ഫ. ശു. കാ. നി. ക്ലാ. സ. ബ. അമ്പാട്ടിയച്ചൻ ഫ. ശു. പൌരത്തിക്കൽ അന്ത്രാസ്സി ഫ. ശു. ബ. ഉപ്പുമാക്കൽ ചാണ്ടിയച്ചൻ ഫ. ശു. ബ. പള്ളിക്കപ്പുറത്തിൽ പൌലോസച്ചൻ ഫ. ശു. ചൂണ്ടിക്കൽ ഉപ്പുവച്ചി ഫ. ശു. പിള്ളപ്പള്ളിൽ വക്കി ഉപ്പു ബ. ഫ്രാ. കാ. ഫ. കുന്നിമഠത്തിൽ പൌലോ ഫ. ശു. കണ്ടിക്കൽ മത്തു ഉലഹന്നൻ ഫ. ശു. ബ. ഫ്രാ. ഫ്രാ. കാ. ഴ. Fr. Augustine Kuttikal ബ. ശു. ബ. ഫ്രാ. കാ. കാ. വ. പി. അല്ലെയി ബ്രാ. ഫ്രാ. സ.

REGISTERED. No. 365.

വിജ്ഞാനദീപം

ഫെർമനം മാർച്ച് — രാവുവു, കുഭം — മീനം.

മലയാളം		ഇംഗ്ലീഷ്		വിവരമായ വിവരണങ്ങൾ.
൧	൧	൧	൧	
൨	൨	൨	൨	
൩	൩	൩	൩	
൪	൪	൪	൪	
൫	൫	൫	൫	
൬	൬	൬	൬	
൭	൭	൭	൭	
൮	൮	൮	൮	
൯	൯	൯	൯	
൰	൰	൰	൰	
൱	൱	൱	൱	
൲	൲	൲	൲	
൳	൳	൳	൳	
൴	൴	൴	൴	
൵	൵	൵	൵	
൶	൶	൶	൶	
൷	൷	൷	൷	
൸	൸	൸	൸	
൹	൹	൹	൹	
ൺ	ൺ	ൺ	ൺ	
ൻ	ൻ	ൻ	ൻ	
ർ	ർ	ർ	ർ	
ൽ	ൽ	ൽ	ൽ	
ൾ	ൾ	ൾ	ൾ	
ൿ	ൿ	ൿ	ൿ	

* ഈ അടയാളം ഗുണിക്കുക കൊണ്ടുള്ള ദിവസം (൨൯) കുടം നീക്കപ്പെട്ട ദിവസം.
† ഉദയത്തിന് മുമ്പുള്ള തിരുനാളുകൾ.

Printed and Published for the Proprietor by A. P. Mani at St. Joseph's Press, Mannanam.